മാധ്യമം ● ഞായർ ● 18 മാർച്ച് 2018 ● ലക്കം 1555

വാരാദ്യ മാധ്യമം

varadyam@madhyamam.in



# ആനക്കാട്ടിലെ അഭ്രക്കാഴ്ചകൾ

ആനയിറങ്ങുന്ന കാട്ടിനുള്ളിലെ ഈ കൊച്ചു ഗ്രാമത്തിലൊന്ന് വന്ന് നോക്കണം. തെളിഞ്ഞ വെള്ളത്തിൽ തിളങ്ങുന്ന വെള്ളാരംകല്ലുകൾപോലെ മൈക്കച്ചീളുകൾ മണ്ണാകെ നിരന്നുകിടക്കുന്നു. അൽപം ഇടം കിട്ടിയിടത്തൊക്കെ വലിയ പുറ്റുകളായി പാളിക്കുമേൽ പാളിയെന്നവണ്ണം അഭ്രം

● ചിത്രം: സി. സുരേഷ്കുമാർ കൊല്ലം

സെയ്ഫ് ചക്കുവള്ളി

നീണ്ട കോളാമ്പിയിലൂടെ നമ്മെ സിനിമ തിയറ്ററിലേക്ക് നീട്ടിവിളിച്ച്, കല്ലച്ചിൽ അടിച്ച നോട്ടീസുകൾ നാട്ടിടങ്ങളിലെ ചെമ്മൺപാതകളിൽ വാരിവിതറിയും പൊടിപടലങ്ങളുയർത്തിയും പായുന്ന അംബാസഡർ കാറിൽനിന്ന് നമ്മളൊരുപാട് കേട്ട വാക്കുകളാണ് 'അഭ്രപാളിയിലെഴുതിയ പ്രണയകാവ്യ'മെന്നും 'മഹാകാവ്യ'മെന്നുമൊക്കെ.

തിയറ്ററിൽ ചെന്നാൽ നമുക്ക് ഈ അഭ്രകാവ്യങ്ങൾ അനുഭവവേദ്യമാകും. പക്ഷേ, കാവ്യമെഴുതിയ അഭ്രം കാണണമെങ്കിൽ, നനുനനുത്ത, പതുപതുത്ത മെത്തപോലെയുള്ള അതിൻെറ സാന്നിധ്യം അനുഭവിച്ചറിയണമെങ്കിൽ കൊല്ലം ജില്ലയിലെ പിറവന്തൂർ പഞ്ചായത്തിലെ മൈക്കാമൺ വാർഡിലെത്തണം. പത്തനാപുരത്തുനിന്ന് അച്ചൻകോവിലിലേക്കുള്ള റോഡിൽ പശ്ചിമഘട്ട വനമേഖലക്കുള്ളിലായി സ്ഥിതിചെയ്യുന്ന മൈക്കാമണ്ണിലെ മഹാദേവൻ മണ്ണെന്ന രണ്ട് ചതുരശ്ര കിലോമീറ്റർ ഭാഗത്താണ് അഭ്രം എന്ന മൈക്കയുടെ വൻ നിക്ഷേപമുള്ളത്. കേരളത്തിൽ ഒരു ധാതുവിൻെറ പേരിൽ അറിയപ്പെടുന്ന ഏക ഭൂപ്രദേശമാണ് മൈക്കാമൺ. 'മൈക്കാ മൈൻ' എന്ന പേര് രൂപാന്തരപ്പെട്ട് മൈക്കാമണ്ണായി മാറിയതാണെന്ന് നിസ്സംശയം പറയാം. അത്രമേൽ വ്യാപകമായി ഏതാണ്ട് 50 വർഷം മുമ്പുവരെയും ഇവിടെനിന്ന് അഭ്രം ഖനനം ചെയ്ത് കൊണ്ടുപോയിരുന്നു. സിനിമയിലും സ്റ്റിൽ കാമറകളിലുമൊക്കെ ഉപയോഗിച്ചിരുന്ന ഫിലിം ഈ അഭ്രപാളികളിൽനിന്നാണ് ഉണ്ടാക്കിയിരുന്നത്.

കമ്പ്യൂട്ടർ മൈക്രോചിപ്പുകളുടെ നിർമാണത്തിലെ സുപ്രധാന അസംസ്കൃത വസ്തുവാണ് അഭ്രം. കൂളിങ് ഗ്ലാസ്, തിളങ്ങുന്ന സ്ഫടികപാത്രങ്ങൾ തുടങ്ങി ഒട്ടനവധി സാമഗ്രികളുടെ നിർമാണ മികവും അഭ്രത്തെ ചുറ്റിപ്പറ്റിയാണ്.

ആനയിറങ്ങുന്ന കാട്ടിനുള്ളിലെ ഈ കൊച്ചു ഗ്രാമത്തിലൊന്ന് വന്ന് നോക്കണം. തെളിഞ്ഞ വെള്ളത്തിൽ തിളങ്ങുന്ന വെള്ളാരംകല്ലുകൾപോലെ മൈക്കച്ചീളുകൾ മണ്ണാകെ നിരന്നുകിടക്കുന്നു. അൽപം ഇടം കിട്ടിയിടത്തൊക്കെ വലിയ പുറ്റുകളായി പാളിക്കുമേൽ പാളിയെന്ന വണ്ണം അഭ്രം. പഞ്ചായത്ത് മഴക്കുഴി കുഴിച്ചിടത്തെല്ലാം തെളിഞ്ഞ് കൂനയാകുന്നതും മറ്റൊന്നല്ല. അഭ്രംകൊണ്ട് തീർത്ത തടങ്ങൾക്കുള്ളിൽ മരച്ചീനിയും വാഴയും കാച്ചിലും ചേമ്പും ചേനയും റബർ മരങ്ങളുമെല്ലാം തഴച്ചുനിൽക്കുന്നു. ഒരഭ്രച്ചിന്ത് എടുത്ത് സൂര്യനു നേരെ പിടിച്ച് നോക്കിയാൽ പതിനായിരങ്ങൾ വിലയുള്ളൊരു കൂളിങ് ഗ്ലാസ് വെച്ച് നോക്കുന്ന അനുഭൂതി...

അഭ്രഖനനത്തിൻെറ അവശേഷിപ്പുകളും ഖനനത്തിൻെറ ഭാഗമായിനിന്ന് ഇന്നും അതിൻെറ ഓർമകളുമായി ജീവിക്കുന്നവരും ഒരുപാടുണ്ട് മൈക്കാമണ്ണിൽ.

## സർക്കാറിനറിയാത്ത അഭ്രഖനി

കൊല്ലം ജില്ലയിലെ മൈനിങ് ആൻഡ് ജിയോളജി വകുപ്പിൻെറ ഓഫിസിലെ ഒരു രേഖയിലും ഈ അപൂർവ ധാതുവിൻെറ സാന്നിധ്യമുള്ള മണ്ണിനെപ്പറ്റി ഒരു വിവരവുമില്ല. മൈക്കാമണ്ണിലെ അഭ്രനിക്ഷേപത്തെപ്പറ്റി ചോദിച്ചാൽ ഒരു സോപ്പിൻെറ പരസ്യവാചകത്തെ ഓർമിപ്പിക്കുംവിധം അവിടത്തെ സാങ്കേതിക വിദഗ്ധർ ചോദിച്ചെന്നുമിരിക്കും: 'മൈക്കയോ? ഇവിടെയോ?'' അത്രമേൽ അലക്ഷ്യമായാണ് ഈ അപൂർവ ധാതുനിക്ഷേപം ഇന്ന് കൈകാര്യം ചെയ്യപ്പെടുന്നത്.

വനമേഖലക്കുള്ളിലെ ഇത്തിരിപ്പോന്ന സ്ഥലത്തുമാത്രം കാണുന്ന അഭ്രസാന്നിധ്യത്തെ സംരക്ഷിച്ചുനിർത്താനുള്ള ഒരു നടപടിയും ഇപ്പോഴില്ല. ഇങ്ങനെയൊരു ധാതുവിൻെറ നിക്ഷേപത്തെപ്പറ്റി അറിയുക കൂടിയില്ലാത്ത അധികൃതരിൽനിന്ന് അതിനുമപ്പുറം പ്രതീക്ഷിക്കുന്നതും തെറ്റ്. പക്ഷേ, മൈക്കാമണ്ണുകാർക്ക് അങ്ങനെയാവാൻ കഴിയില്ലല്ലോ. ഒന്നോ രണ്ടോ തലമുറ മുമ്പ് അഭ്രത്തിൻെറ ഖനനത്തിനെത്തി കാട്ടിനകത്ത് താമസമാക്കിയവരുടെ പിന്മുറക്കാരാണ് ഇന്നത്തെ മൈക്കാമൺ നിവാസികളിലേറെയും. തങ്ങളുടെ ചെറിയ തുണ്ട് ഭൂമിയിലെ അഭ്രസാന്നിധ്യത്തെ അങ്ങേയറ്റം അഭിമാനം തരുന്ന ഒന്നായാണ് അവർ



''പകൽ മുഴുവൻ മൈക്കവെട്ടുന്ന ആണുങ്ങൾക്ക് നാലരചക്രമായിരുന്നു കൂലി. പെണ്ണാളിനൊക്കെ കമ്പനി അരചക്രം വരെ തരുവാരുന്നു. കൊടുംകാടായിരുന്നു അന്നൊക്കെ ഇവിടം. അഞ്ചും പത്തും പെണ്ണുങ്ങൾ ഒന്നിച്ചല്ലാതെ ഒരിടത്തും നിൽക്കില്ലായിരുന്നു'' തങ്കമ്മ പറയുന്നു

കാണുന്നത്.

## തങ്കമ്മയും ദേവയാനിയും വിജയമ്മയും പങ്കുവെക്കുന്നത്

മൈക്കാമൺ ബിനുഭവനിൽ തങ്കമ്മക്ക് 93 വയസ്സുണ്ട്. വാർധക്യം അവരെ ഏറെ തളർത്തിയെങ്കിലും അഭ്രവുമായി ബന്ധപ്പെട്ട ഓർമകളുടെ ചീളുകൾ ഇന്നും മനസ്സിൽ ഉടയാതെയുണ്ട്.

"വലിയ തുരങ്കം ഉണ്ടാക്കിയായിരുന്നു മൈക്ക ഖനനം ചെയ്തെടുത്തിരുന്നത്. രണ്ട് കൂറ്റൻ കുഴികൾക്കിടയിൽ പലവഴിക്ക് തിരിഞ്ഞുപോകുന്നതായിരുന്നു തുരങ്കങ്ങൾ. മെഴുകുതിരി തെളിച്ച് വേണം അതിനുള്ളിൽ കയറി മൈക്ക വെട്ടാൻ. എൻെറ അച്ഛൻ ഗോവിന്ദപ്പിള്ളക്കും ഭർത്താവ് ദാമോദരൻ നായർക്കും മൈക്കവെട്ടായിരുന്നു പണി. എ, ബി, സി, ഡി എന്നിങ്ങനെ നാല് ഗ്രേഡ് മൈക്കയാണ് വെട്ടിയെടുത്തിരുന്നത്. കാണാൻ കണ്ണാടിപോലെയിരിക്കുന്ന മൈക്കക്കഷണങ്ങൾക്ക് തേക്കിൻതടിയേക്കാളും കട്ടിയാണ്. വെട്ടി വെളിയിലെത്തിക്കുന്ന മൈക്ക തരം തിരിക്കാൻ ഞങ്ങൾ പത്തുനൂറ്റമ്പത് പെണ്ണുങ്ങളുണ്ടായിരുന്നു.

പകൽ മുഴുവൻ മൈക്കവെട്ടുന്ന ആണുങ്ങൾക്ക് നാലരചക്രമായിരുന്നു കൂലി. പെണ്ണാളിനൊക്കെ കമ്പനി അരചക്രം വരെ തരുവാരുന്നു. കൊടുംകാടായിരുന്നു അന്നൊക്കെ ഇവിടം. ആനയിറങ്ങുന്നത് പതിവായിരുന്നു. അഞ്ചും പത്തും പെണ്ണുങ്ങൾ ഒന്നിച്ചല്ലാതെ ഒരിടത്തും നിൽക്കില്ലായിരുന്നു" -ബിനുഭവനിലെ ഡെറ്റോൾ മണക്കുന്ന മുറിയിലെ പ്ലാസ്റ്റിക് കസേരയിലിരുന്ന് തങ്കമ്മ ഇത് പറയുമ്പോൾ കാഴ്ചമങ്ങിയ കണ്ണുകളിൽ സൂര്യൻ സ്പർശിച്ച അഭ്രപാളിയുടെ തിളക്കം.

"എനിക്കിപ്പോൾ 59 വയസ്സുണ്ട്. ആറു വയസ്സുള്ളപ്പോഴാണ് ഖനനം നിർത്തി കമ്പനിക്കാർ പോയത്. അച്ഛനും അമ്മയും മൈക്കപ്പണിക്ക് പോകുമ്പോൾ എന്നെയും കൊണ്ടുപോകുമായിരുന്നു" -തങ്കമ്മയുടെ മകൾ വിജയമ്മ പറയുന്നു.

അർബുദബാധിതയായി വീട്ടിൽ വിശ്രമിക്കുകയാണ് ചരുവിള പുത്തൻ വീട്ടിൽ ദേവയാനി. കിതപ്പാറ്റാൻ പാടുപെടുമ്പോഴും ഒഴുക്കു മുറിയാതെ അവർ ഖനനം നടന്ന കാലത്തെ പകർന്നുവെച്ചു:

"ആന്ധ്രയിലേക്കാണ് മൈക്ക കൊണ്ടുപോയിരുന്നത്. തിരുവനന്തപുരത്തുള്ള ഒരു വക്കീലും അദ്ദേഹത്തിൻെറ ബന്ധുക്കളുമാണ് ഖനി നടത്തിയിരുന്നത്. ചാക്കോ, വർഗീസ്, ഗോപാലൻ തുടങ്ങിയ മേശിരിമാരായിരുന്നു കമ്പനിയിൽനിന്ന് ഞങ്ങൾക്കൊക്കെ ശമ്പളം വാങ്ങിത്തന്നിരുന്നത്. പത്തമ്പത് കൊല്ലം മുമ്പ് ഒന്നും പറയാതെ കമ്പനി കുഴിപ്പ് നിർത്തി പോകുവാരുന്നു."

മുൻ പിറവന്തൂർ പഞ്ചായത്ത് പ്രസിഡൻറ് ആർ. ശ്രീനിവാസനും ഇപ്പോഴത്തെ മൈക്കാമൺ വാർഡ് അംഗം ബാബുരാജും വ്യത്യസ്ത രാഷ്ട്രീയത്തിലാണെങ്കിലും ദേവയാനി ഇതു പറയുമ്പോൾ ഒന്നിച്ച് കൈപിടിച്ച് ബാല്യത്തിലേക്ക് നടന്നു.

## കാലം ബാക്കിവെച്ചത്

മൈക്കാമണ്ണിലെ കുന്നിൻപുറത്ത് രണ്ടു കൂറ്റൻ വെള്ളക്കെട്ടുകൾ ശേഷിക്കുന്നുണ്ട്. നൂറടിയിലധികം താഴ്ചയുണ്ടെന്നാണ് പഴമക്കാർ പറയുന്നത്. മേൽമണ്ണ് നീക്കംചെയ്ത് വലിയ വിസ്തൃതിയുള്ള കുഴി നിർമിച്ച ശേഷം അവിടെനിന്ന് തുരങ്കങ്ങൾ തീർത്താണ് മൈക്ക വെട്ടിയെടുത്തിരുന്നത്. അന്നത്തെ ഈ കൂറ്റൻ കുഴികളാണ് ഇന്ന് കുളംപോലെ കിടക്കുന്നത്.

''ഖനിക്ക് അടുത്തേക്ക് തൊഴിലാളികൾക്കല്ലാതെ ആർക്കും പ്രവേശനമുണ്ടായിരുന്നില്ല. ഗേറ്റ് പൂട്ടി എല്ലാ സമയത്തും കാവൽക്കാർ കാണും. അമ്പനാർ തോട് കാട്ടിലൂടെ ഒഴുകുന്നതിന് സമീപത്തായാണ് മൈക്കാമൺ. കുറച്ച് താഴുമ്പോൾ വെള്ളം തെളിയും. ഈ വെള്ളം മണ്ണെണ്ണ മോട്ടോറുകൾകൊണ്ട് അടിച്ചുകളഞ്ഞിട്ടായിരുന്നു മൈക്കവെട്ട്. മെഴുകുതിരികൾ കത്തിച്ച വെട്ടത്തിലായിരുന്നു മൈക്ക വെട്ടി വെട്ടി തുരങ്കങ്ങൾ തീർത്തിരുന്നത്'' -തങ്കമ്മ ഓർമകളിലേക്ക് ഒരിക്കൽകൂടി മുങ്ങാംകുഴിയിട്ടു.

ഈ കുളങ്ങളിൽ അന്ന് ഖനനത്തിന് ഉപയോഗിച്ചിരുന്ന പണിയായുധങ്ങൾ



മൈക്കാമൺ വാർഡ് അംഗം ബാബുരാജ്, തങ്കമ്മ, വിജയമ്മ, ദേവയാനി എന്നിവർ മൈക്കക്കഷണങ്ങളുമായി

ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടപ്പുണ്ടത്രെ. പെട്ടെന്നൊരു നാൾ ഖനനം നിർത്തി കമ്പനിക്കാർ പോയതിൻെറ ബാക്കിപത്രമാണിത്. പിന്നീട് ഖനനക്കാരോ കമ്പനിക്കാരോ മൈക്കാമണ്ണിലേക്ക് തിരികെ വന്നിട്ടില്ല. 1969ലായിരുന്നു എല്ലാത്തിൻെറയും അവസാനം.

## കിണറ്റിലെ മൈക്ക, കൃഷിയിലെയും

മൈക്കാമണ്ണിൽ കിണർ കുഴിച്ചാൽ പുറത്തുവരുന്നത് മൈക്കയുടെ കൂനകളാണ്. പാറപോലെ ഉറച്ച മൈക്കയുമായി മല്ലിട്ടു വേണം വെള്ളം കാണുംവരെ കുഴിക്കാൻ. കൃഷിയിടങ്ങളിലെല്ലാം കിളച്ചാൽ പൊങ്ങിവരുന്നതും അഭ്രമാണ്. അഭ്രച്ചീളുകൾ വെട്ടിക്കൂട്ടിയും അതിനുള്ളിൽ തടംവെട്ടിയുമാണ് കൃഷി. നല്ല വിളവ് ലഭിക്കാൻ മൈക്കയുടെ സാന്നിധ്യം സഹായകമാവുന്നു എന്നാണ് കൃഷിക്കാരുടെ പക്ഷം. കടുത്ത വേനലൊന്നും അഭ്രത്തടങ്ങളിലെ കൃഷിവിളകളെ ബാധിക്കാറില്ലെന്നും അവർ പറയുന്നു.

ഏതാണ്ട് അരനൂറ്റാണ്ടിലധികം അഭ്രഖനനം നടന്ന പ്രദേശം ഇന്ന് ജനനിബിഡമാണ്. ഖനികളിൽ പണിയെടുത്ത് ഒടുങ്ങിയവരുടെ മൂന്നാമത്തെയും നാലാമത്തെയുമൊക്ക തലമുറയിൽപെട്ടവരാണിവർ. ഇന്നും ജീവിച്ചിരിക്കുന്നവരിൽ ഖനനകാലം കണ്ടവർ ആ ഓർമകളും അനുഭവങ്ങളും ഇളമുറക്കാർക്ക് പങ്കുവെക്കുന്നു. പറയുന്നതൊന്നും പതിരില്ലാത്തതാണെന്ന് മൈക്കാമണ്ണിലെ കിണറുകളും കൃഷിയിടങ്ങളും ആണയിടുന്നു. അഭ്രശോഭ നിലനിൽക്കുന്ന ഈ ഗ്രാമത്തിൻെറ പ്രത്യേകതകളെക്കുറിച്ച് ഇന്നേവരെ ഒരു ശാസ്ത്രീയ പഠനവും നടന്നില്ല എന്നതാണ് സത്യം.

മൈക്കാമണ്ണിലെ നടപ്പിനൊരു സുഖമുണ്ട്. അഭ്രച്ചീളുകൾ തീർക്കുന്ന മെത്തയിലൂടെ നടക്കാൻ പാദരക്ഷകളുടെ ആവശ്യമില്ല. അവ വെയിലേറ്റ് പഴുത്ത് പാദങ്ങളെ ചുട്ടുപൊള്ളിക്കില്ല. മറിച്ച്, സുഖദമായൊരു സ്പർശം നൽകി, ഒരു വേള പ്രണയപൂർവം പറ്റിപ്പിടിച്ച് ഓരോ മറുനാട്ടുകാരനെയും യാത്രയാക്കും. അപ്പോഴും മലയാളി ഉത്തരം കണ്ടെത്താൻ ശ്രമിച്ചിട്ടില്ലാത്തൊരു ചോദ്യമായി മൈക്കാമൺ എന്ന വനഗ്രാമത്തിലെ അഭ്രനിക്ഷേപം നിലകൊള്ളുന്നു.

●



മൈക്ക അടരുകൾ

02 ടെലിഫോൺ കാർഡുകളുടെ ചരിത്രപുസ്തകം


04 ഒഴുകിപ്പരക്കുന്ന ധ്യാനം




# ടെലിഫോൺ കാർഡുകളുടെ ചരിത്രപുസ്തകം


വഹീദ് ടെലിഫോൺ കാർഡ് ശേഖരവുമായി

**ടെലിഫോൺ കാർഡുകൾ ശേഖരിക്കുന്നത് ജീവിത ദൗത്യമാക്കിയ അപൂർവം ചിലരിൽ ഒരാളാണ് വഹീദ്. ഇതുവരെ ടെലിഫോൺ കാർഡുകൾ ഇറക്കിയ എല്ലാ രാജ്യങ്ങളുടെയും സ്ഥലങ്ങളുടെയും കാർഡുകൾ ഇദ്ദേഹത്തിന്റെ കൈവശമുണ്ട്. മൊബൈൽഫോണുകളുടെ വരവിന് മുമ്പായിരുന്നു കാർഡുകളുടെ സുവർണകാലം. ചിപ്പടക്കമുള്ള പല വിലയിലുള്ള കാർഡുകൾ വിലക്ക് വാങ്ങി ടെലിഫോൺ ബൂത്തുകളിൽ ഉരച്ച് (എ.ടി.എം കാർഡ് പോലെ) മറ്റിടങ്ങളിലേക്ക് ഫോൺ ചെയ്യുന്ന സംവിധാനമായിരുന്നു ഇത്**

ഫീച്ചർ

ഒ. മുസ്തഫ

കുടിവെള്ളം ഇല്ലെങ്കിലും കക്കൂസുകൾ ഇല്ലെങ്കിലും ഏതു കുഗ്രാമത്തിലും കാണുന്ന രണ്ടു കാഴ്ചകളുണ്ട്. ബഹുരാഷ്ട്ര കമ്പനികളുടെ പലനിറത്തിലുള്ള കുപ്പിവെള്ളവും മൊബൈൽ കമ്പനികളുടെ 'സേവനവു'മാണവ. സകല പെട്ടിക്കടകളുടെയും ചുവരുകളിൽ കടുംകളറുകളാൽ ഇവയുടെ പരസ്യങ്ങൾ നിറഞ്ഞിരിക്കും. ഇത് നമ്മുടെ രാജ്യത്തിന്റെ മാത്രം കഥയല്ലതാനും. നാണം മറയ്ക്കാൻ ഇലകൾ ഉപയോഗിച്ച കാലത്തും അതിനുമുമ്പുമൊക്കെ ആശയവിനിമയത്തിന് മനുഷ്യൻ പല വഴികൾ തേടിയിട്ടുണ്ട്. അതിനാൽ കുടിവെള്ളമൊക്കെ അൽപം കുറഞ്ഞാലും വീട്ടിൽ മൊബൈൽ കവറേജില്ലെങ്കിൽ പിന്നെ മനുഷ്യന്റെ കാര്യം പോക്കാണ്. ആകെ ഒറ്റപ്പെടും. മൊബൈലിൽ കവറേജിന്റെ കട്ടകളും വരകളും തെളിയുന്നതും മിന്നുന്നതും നോക്കി ഇരിക്കും, വല്ലാത്തൊരു കാത്തിരിപ്പുതന്നെ. സ്വന്തവും ബന്ധവുമൊക്കെ ആ ചതുരാകൃതിയിലുള്ള സുന്ദരൻയന്ത്രത്തിലായ ഇക്കാലത്ത് അതിനൊക്കെ കുറ്റം പറയാനും കഴിയില്ല.

മൊബൈൽഫോണുകളുടെ വരവിനുമുമ്പേ ലോകത്ത് ടെലിഫോൺ കാർഡുകൾ എന്നൊരു ഏർപ്പാടുണ്ടായിരുന്നു. ഇന്നത്തെ മൊബൈൽ റീചാർജ് കൂപ്പൺപോലുള്ള സംവിധാനമായിരുന്നു ഇത്. പ്രത്യേക ചിപ്പടക്കമുള്ള പല വിലയിലുള്ള കാർഡുകൾ വാങ്ങി ടെലിഫോൺ ബൂത്തുകളിൽ ഉരച്ച് (എ.ടി.എം കാർഡ് പോലെ) മറ്റിടങ്ങളിലേക്ക് ഫോൺ ചെയ്യുന്ന സംവിധാനമായിരുന്നു ഇത്. രാജ്യമെന്ന് വിളിക്കാൻപോലും കഴിയാത്ത പ്രദേശങ്ങൾ, ദ്വീപുകൾ, മറ്റ് രാജ്യങ്ങളുടെ കീഴിലുള്ള സ്വയംഭരണ പ്രദേശങ്ങൾ തുടങ്ങി ജനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തിടങ്ങളിൽ പോലും ഒരു കാലത്ത് ടെലിഫോൺ കാർഡുകൾ ഉപയോഗിച്ചിരുന്നു. ദാരിദ്ര്യംകൊണ്ട് മാത്രം ലോകത്ത് അറിയപ്പെടുന്ന ചെറുരാജ്യങ്ങൾപോലും ആശയവിനിമയ സംവിധാനങ്ങൾ കാലാകാലമായി നടപ്പിൽ വരുത്തുന്നുണ്ടെന്ന് സാരം.

ഇന്ത്യയിലും ടെലിഫോൺ കാർഡ് സംവിധാനം തുടങ്ങിയിരുന്നു. മൊബൈൽ ഫോൺ വ്യാപകമായതോടെ ഉടൻതന്നെ സർക്കാർ ഈ സംവിധാനം നിർത്തലാക്കി.

## ടെലിഫോൺ കാർഡുകളുടെ ലോകചരിത്രം

ടെലിഫോൺ കാർഡുകളുടെ ലോകചരിത്രം ഒറ്റ നോട്ടത്തിൽ അറിയണമെങ്കിൽ കോഴിക്കോട് തിക്കോടി ചിങ്ങപുരം ഉണ്ണരച്ചൻകണ്ടി അബ്ദുൽ വഹീദിനെ കണ്ടാൽ മതി. ഇപ്പോൾ കൊയിലാണ്ടിയിലാണ് താമസം. ലോകത്ത് ഇതുവരെ ടെലിഫോൺ കാർഡുകൾ ഇറക്കിയ എല്ലാ രാജ്യങ്ങളുടെയും സ്ഥലങ്ങളുടെയും കാർഡുകൾ ഇദ്ദേഹത്തിന്റെ കൈവശമുണ്ട്. കാർഡുകൾ, വിവിധ കറൻസികൾ, പുരാവസ്തുക്കൾ തുടങ്ങിയവ സ്വന്തമാക്കാൻ ജീവിതത്തിന്റെ നല്ലൊരു ഭാഗം നീക്കിവെച്ച ഇദ്ദേഹം ഖത്തറിലെ ധനകാര്യ സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത്.

ചെറുതും വലുതുമായ രാജ്യങ്ങൾ, ദ്വീപുകൾ, പ്രദേശങ്ങൾ തുടങ്ങി 218 ഇടങ്ങളിലെ വിവിധ കാലഘട്ടത്തിലെ ടെലിഫോൺ കാർഡുകളാണ് ഇദ്ദേഹത്തിന്റെ ശേഖരത്തിലുള്ളത്. ഇതുവരെ കേട്ടിട്ടില്ലാത്ത പേരുകൾ, ഭൂമുഖത്ത് ഇപ്പോൾ നിലവിലില്ലാത്ത രാജ്യങ്ങൾ, ചരിത്രത്തിൽനിന്ന് മാഞ്ഞ ഭൂപ്രദേശങ്ങൾ, അധിനിവേശ ശക്തികളാൽ തകർക്കപ്പെട്ട സംസ്കാരങ്ങൾ, ചരിത്രശേഷിപ്പുകൾ, കൗതുകസംഭവങ്ങൾ ഇവയൊക്കെ വഹീദിന്റെ ശേഖരത്തിൽനിന്ന് വായിച്ചെടുക്കാം.

## ആരും കൈവെക്കാത്ത മേഖല

സ്റ്റാമ്പ് ശേഖരണം, കറൻസി ശേഖരണം തുടങ്ങിയ മേഖലകളിൽ നിരവധി പേർ സജീവമാണെങ്കിലും ടെലിഫോൺ കാർഡുകൾ ശേഖരിക്കുന്നത് ജീവിതദൗത്യമാക്കിയ അപൂർവം ചിലരിൽ ഒരാളാണ് വഹീദ്. പല കാര്യത്തിലും ഗിന്നസ് റെക്കോഡുകളും ലിംക ബുക്ക് ഓഫ് റെക്കോഡുകളുമൊക്കെ പിറന്നിട്ടുണ്ടെങ്കിലും ടെലിഫോൺ കാർഡുകളുടെ കാര്യത്തിൽ ഇന്നുവരെ ഒരു റെക്കോഡും നിലവിലില്ലെന്ന് വഹീദ് പറയുന്നു. വിവിധ രാജ്യങ്ങളിൽ കാർഡുകളുടെ ശേഖരണത്തിനായി യാത്രചെയ്ത ഇദ്ദേഹം ഏറെക്കാലത്തെ അന്വേഷണത്തിലൊടുവിലാണിത് പറയുന്നത്. കാർഡ് ശേഖരണത്തിൽ ഗിന്നസ് റെക്കോഡ് സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് വഹീദ്. 2000 മുതലാണ് കാർഡുകളുടെ പിന്നാലെ കൂടുന്നത്. മുമ്പേതന്നെ കറൻസി ശേഖരണത്തിലും കമ്പമുണ്ടായിരുന്നു.

## ജീവിതവും സമ്പത്തും

സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് കറൻസി ശേഖരണത്തിനും ടെലിഫോൺ കാർഡ് ശേഖരണത്തിനുമാണ് വഹീദ് ചെലവഴിക്കുന്നത്. കറൻസി ശേഖരണം ഗൗരവത്തിൽ കാണുന്നവരുടെ അന്താരാഷ്ട്ര കൂട്ടായ്മയായ 'ഇന്റർനാഷനൽ ബാങ്ക്-നോട്ട്സ് സൊസൈറ്റി' അംഗമാണ്. ഈ കൂട്ടായ്മയിലൂടെയാണ് കറൻസി-ടെലിഫോൺ കാർഡുകളുടെ 'പഴഞ്ചൻ' വിവരങ്ങൾ സ്വന്തമാക്കുക. അന്താരാഷ്ട്ര തലത്തിൽ വിവിധ രാജ്യങ്ങളിൽ നടക്കുന്ന ലേലങ്ങളിൽനിന്നാണ് ടെലിഫോൺ കാർഡുകൾ സ്വന്തമാക്കുന്നത്. ലക്ഷക്കണക്കിന് രൂപയാണ് ഓരോന്നിന്റെയും വില. വർഷങ്ങൾക്കുമുമ്പേ ഇന്ത്യ ടെലിഫോൺ കാർഡ് സംവിധാനം നിർത്തിയെങ്കിലും അന്നിറങ്ങിയ കാർഡ് ഇന്നുള്ളത് വഹീദിന്റെ ശേഖരത്തിൽ മാത്രമാകും. അങ്ങനെ പറയാൻ കാരണവുമുണ്ട്. ലണ്ടനിൽ നടന്ന ലേലത്തിൽനിന്നാണ് ഈ കാർഡ് സ്വന്തമാക്കുന്നത്. പ്രത്യേക ചിപ്പ് ഘടിപ്പിച്ച കാർഡിൽ തജ്മഹലിന്റെ ചിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്. നടി മാധുരി ദീക്ഷിതിന്റെ ചിത്രമുള്ള മറ്റൊരു കാർഡ് സ്വന്തമാക്കിയതാകട്ടെ ഫ്രാൻസിൽനിന്നും.

## കാർഡുകൾ പറയുന്നു, ഒരായിരം ചരിത്രം

ബഷീറിന്റെ കഥയുടെ ചലച്ചിത്രാവിഷ്കാരമായ 'മതിലുകൾ' സിനിമ. ജയിലിന്റെ കൂറ്റൻ മതിലുകൾ പ്രണയിനികൾക്കിടയിൽ തീർത്തത് വൻ തടസ്സങ്ങൾ. എന്നിട്ടും ചുള്ളിക്കമ്പ് ഉയരത്തിൽ എറിഞ്ഞ് അവർ ആശയവിനിമയത്തിന്റെ വഴികൾ വെട്ടി. മനുഷ്യകുലത്തിന്റെ തുടക്കം മുതൽ തന്നെ ഇതാണ് അവസ്ഥ. ആശയവിനിമയത്തിലുള്ള തടസ്സങ്ങളെയൊക്കെ അവൻ മെയ്വഴക്കത്താൽ മറികടന്നിരുന്നു. ഈ ചരിത്രമാണ് വഹീദിന്റെ കാർഡ് ശേഖരണം തെളിയിക്കുന്നത്. ദരിദ്രരാജ്യമായ യുഗാണ്ടപോലും വർഷങ്ങൾക്കുമുമ്പേ ടെലിഫോൺ കാർഡുകൾ ഇറക്കിയിരുന്നു. 'യുഗാണ്ട പോസ്റ്റ്സ് ആൻഡ് ടെലികമ്യൂണിക്കേഷൻസ് കോർപറേഷൻസ്' എന്ന് എഴുതിയ അവരുടെ കാർഡിലുള്ളത് പട്ടിണിക്കോലത്തിലുള്ള മനുഷ്യന്റെ ചിത്രമാണുതാനും.

സമ്പന്നമായ സംസ്കാരം ഇറാഖിന്റെ സമ്പത്താണ്. അധിനിവേശം ജനാധിപത്യത്തിന്റെ രൂപത്തിൽ വന്ന് തീതുപ്പിയപ്പോൾ പൊലിഞ്ഞത് പച്ചമനുഷ്യർ മാത്രമായിരുന്നില്ല. ആ ദേശത്തിന്റെ സംസ്കാരവുംകൂടിയായിരുന്നു. വഹീദിന്റെ കൈയിലുള്ള ഇറാഖിന്റെ കാർഡിൽ ആ രാജ്യത്തെ ദേശീയ മ്യൂസിയത്തിന്റെ ചിത്രമാണുള്ളത്. അധിനിവേശകാലത്ത് അത് തകർക്കപ്പെട്ടു. ഇതിനാൽ മ്യൂസിയത്തിന്റെ ചിത്രമുള്ള ഒരു കാർഡ് ഇനി ഇറങ്ങുകയില്ല. ഒടുവിലത്തെ ആ കാർഡ് കൈവശംവെക്കുന്ന ഭാഗ്യവും അങ്ങനെ വഹീദിന് സ്വന്തമായി. സമാനമാണ് ഫലസ്തീന്റെ കാര്യവും. ജാരസന്തതിയായ ഇസ്രായേൽ, ലോകത്ത് എവിടെയൊക്കെ ഫലസ്തീന്റെ ചരിത്രശേഷിപ്പുകൾ ഉണ്ടോ അതൊക്കെ സ്വന്തമാക്കാൻ മിടുക്കരാണ്. സൂക്ഷിച്ചുവെക്കാനുള്ള താൽപര്യംകൊണ്ടല്ല, നശിപ്പിക്കാൻ. ഫലസ്തീൻ ഇറക്കിയ കറൻസി നോട്ടുകൾ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ എത്ര ലക്ഷങ്ങൾ നൽകിയാലും ഇസ്രായേൽ അധികൃതർ അത് സ്വന്തമാക്കും. എന്നിട്ട് കത്തിക്കും. ഫലസ്തീന്റെ സകല ചരിത്രവും സ്വത്വവും ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാനുള്ള ആസൂത്രിത ശ്രമമാണ് ഇതിനു പിന്നിൽ. കൈമോശം വരാതെ ഫലസ്തീന്റെ ടെലിഫോൺ കാർഡ് പൊന്നുപോലെ സൂക്ഷിക്കുകയാണ് വഹീദ്. 1939 ഏപ്രിൽ 20ന് 'ഫലസ്തീൻ കറൻസി ബോർഡ്' ഇറക്കിയ ഒരു പൗണ്ട് കറൻസി നോട്ടിന്റെ ചിത്രമാണ് ഈ കാർഡിലുള്ളത്. ജപ്പാന്റെ കാർഡിൽ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററാണുള്ളത്. വേൾഡ് ട്രേഡ് സെന്റർ ഭീകരാക്രമണത്തിൽ തകർന്നതോടെ അതിന്റെ ചിത്രമുള്ള കാർഡും ഇനി ഉണ്ടാവില്ല. അത് കാണണമെങ്കിൽ ഇനി വഹീദിനെ കാണണം. രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ കഥകളും ടെലിഫോൺ കാർഡുകൾ പറയുന്നുണ്ട്. ഖത്തറിന്റെ ടെലിഫോൺ കാർഡിലുള്ളത് ഇന്ത്യയുടെ അഭിമാന താരം സചിൻ ടെണ്ടുൽകറാണ്. ഫ്രാൻസിന്റേതിലാകട്ടെ, നമ്മുടെ നടി മാധുരി ദീക്ഷിതും. ജപ്പാൻ കാർഡിറക്കിയത് താജ്മഹലിന്റെ ചിത്രത്തോടുകൂടിയാണ്. സിംഗപ്പൂർ ഇറക്കിയ കാർഡിലാകട്ടെ, ലോകപ്രശസ്ത നടിയും മോഡലുമായ മെർലിൻ മൺറോയുടെ വ്യത്യസ്ത ചിത്രം. ബിൽ ക്ലിന്റൻ, ജോർഡൻ രാജാവ്, ഇസ്രായേൽ പ്രധാനമന്ത്രി എന്നിവർ ചേർന്നുള്ള ഉടമ്പടിയുമായി ബന്ധപ്പെട്ട പ്രശസ്ത ഫോട്ടോയാണ് ഇസ്രായേൽ കാർഡിലുള്ളത്. 2000ത്തിൽ സുഡാൻ ഇറക്കിയ കാർഡിൽ 'ലോകത്തെ നമ്മുടെ കൈകളിലേക്ക്' എന്ന വാചകമാണ് ഉപയോഗിച്ചത് എന്നത് കൗതുകം പകരും. ബ്രസീലിന്റെ വിവിധ കാലത്തിറങ്ങിയ ടെലിഫോൺ കാർഡുകൾ ചേർത്തുവെച്ചാൽ ബ്രസീലിന്റെ ഭൂപടംതന്നെയായി. ഇതുവരെ ഇറങ്ങിയ 12 തരം ടെലിഫോൺ കാർഡുകളും ചേർത്തുവെച്ച് ബ്രസീൽ ഭൂപടം തന്നെ വഹീദ് തീർത്തു. ഒരു ടെലിഫോൺ കാർഡ് ഇറക്കിയതിന്റെ പേരിൽ ഒമാൻ പിടിച്ച പുലിവാൽ ഏറെയാണ്. സ്ത്രീയുടെ ചിത്രമായിരുന്നു അവർ തങ്ങളുടെ കാർഡിൽ ഉപയോഗിച്ചിരുന്നത്. കാർഡിറങ്ങി ജനം അത് ഉപയോഗിക്കാൻ തുടങ്ങിയതോടെ സംഗതി പുകിലായി. തന്റെ അനുവാദമില്ലാതെയാണ് ചിത്രം ഉപയോഗിച്ചതെന്ന് വാദിച്ച് സ്ത്രീ കോടതിയിലെത്തി. ഒടുവിൽ നല്ലൊരു തുക അവർക്ക് നഷ്ടപരിഹാരം നൽകുകയും ആ കാർഡ് ഒമാന് പിൻവലിക്കേണ്ടിയും വന്നു.



വഹീദിന്റെ ശേഖരത്തിലുള്ള ചില ടെലിഫോൺ കാർഡുകൾ

ഭൂപടത്തിൽനിന്ന് അപ്രത്യക്ഷമായ യു.എസ്.എസ്.ആർ അടക്കമുള്ള രാജ്യങ്ങളുടെ ചിപ്പ് പതിച്ച ടെലിഫോൺ കാർഡും വിസ്മയിപ്പിക്കുന്നതാണ്. ആദിവാസിയെ തല്ലിക്കൊല്ലുന്ന നാട്ടിലുള്ള നമുക്ക് ഫിജി, ഇത്യോപ്യ, താൻസനിയ, റുവാണ്ട തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ കാർഡുകളിൽ അവരുടെ ആദിമനിവാസികളുടെ ചിത്രമാണ് നൽകിയതെന്ന് കണ്ട് നെടുവീർപ്പിടാം.

## അമൂല്യസമ്പത്ത്


അമേരിക്കൻ സമോഅ, അരുബ, ബെനിൻ, ക്രിസ്മസ് ഐലൻഡ്, ഗബോൺ, ഐസിൽ ഓഫ് മാൻ, ലിസോതോ, നൗറു, പിറ്റ്കയിരിൻ ഐലൻഡ്, സാഓ ടോം ആൻഡ് പ്രിൻസിപ്പോ, സിയറാ ലിയോൺ, സുരിനാം, സബ ഐലൻഡ്...തുടങ്ങി പേരുകൾപോലും കേട്ടിട്ടില്ലാത്ത ദ്വീപുകൾ, പ്രദേശങ്ങൾ തുടങ്ങി 218 ഇടങ്ങളിലെ ടെലിഫോൺ കാർഡുകളാണ് വഹീദിന്റെ കൈയിലുള്ളത്.

കരീബിയൻ രാജ്യങ്ങളായ സെൻറ് യുസ്റ്റാറ്റിയസ്, സെൻറ് ഹെലിന, സെൻറ് കിറ്റ്സ് ആൻഡ് നെവിസ്ക്, സെൻറ് ലൂസിയ, സെൻറ് മാർട്ടിൻ, സെൻറ് വിൻസൻറ്, ബ്രിട്ടീഷ് വിർജിൻ, കേമാൻ ഐലൻഡ് എന്നിവയുടെ വിവിധ കാർഡുകളും ഉണ്ട്. കരീബിയൻ ഫോൺ കാർഡ്സ് എന്നാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രമങ്ങൾ വിജയിച്ചാൽ ടെലിഫോൺ കാർഡ് ശേഖരണത്തിലെ ഗിന്നസ് റെക്കോഡ് ഈ മലയാളിക്ക് സ്വന്തമാകും. എല്ലാം കൂടി എത്ര ലക്ഷങ്ങളാണ് ഇതിന്റെ മൂല്യമെന്ന സംശയം സ്വാഭാവികം. "പല രാജ്യങ്ങളിലും പുരാവസ്തുക്കളുടെ ഇത്തരം ശേഖരങ്ങൾ കവർച്ചചെയ്യുന്ന സംഘങ്ങൾ സജീവമാണ്'' -ഇതാണ് ഇതിനുള്ള വഹീദിന്റെ മറുപടി. അതിനാൽ ചുരുക്കാം. ഇതിന് കോടിക്കണക്കിന് രൂപയെക്കാൾ മൂല്യം, അമൂല്യം.




താജ്മഹലിന്റെ ചിത്രമുള്ള ടെലിഫോൺ കാർഡ്

അധ്യാപികയായ ഷെമിയാണ് ഭാര്യ. മക്കൾ: യഹ്‌യ, മുഹമ്മദ് ഫറാസ്. ●



ആദിവാസിയുടെ ചിത്രമുള്ള ഫിജിയുടെ കാർഡ്




# കത്തുകൾ

## ഭൂമിയിലെ നരകം

ലക്കം 1554 വാരാദ്യ മാധ്യമത്തിൽ സുൽഹഫ് എഴുതിയ 'ബറാദ ഒരു ചുവന്ന നദി' എന്ന ഫീച്ചർ സിറിയൻ ഏകാധിപതി ബശ്ശാർ അൽ അസദിന്റെ ഭീകരകൃത്യങ്ങൾ വായനക്കാരിൽ തീവ്രമായി എത്തിക്കാൻ സഹായിച്ചു. ബശ്ശാറിന്റെ ഏകാധിപത്യ നിലപാടുകൾക്കെതിരെ ശബ്ദമുയർത്തിയ എഴുത്തുകാരി സമാ യസ്ബക്കിനെയും സിറിയയുടെ ആദ്യ ബഹിരാകാശ സഞ്ചാരി മുഹമ്മദ് ഫാരിസിനെയും വായനക്കാർക്ക് പരിചയപ്പെടുത്തിയ എഴുത്തുകാരനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.

**അനസ് തൃക്കരിപ്പൂർ**
**കാസർകോട്**

## മരണത്തിനുതന്നെ അന്തിമ വിജയം

സമാ യസ്ബക്കിന്റെ ഈ വാക്കുകൾ ഉള്ളുപൊള്ളിക്കുന്നുണ്ട്. ആ മരിച്ച് വീഴുന്ന കുട്ടികൾ നമ്മുടെ മുറ്റത്ത് ഓടിക്കളിച്ച കുഞ്ഞുങ്ങളെപോലെ തോന്നുന്നുണ്ട്. എങ്ങനെയാണ് ഒരു ഭരണാധികാരിക്ക് തന്റെ രാജ്യത്തെ പൗരന്മാരെ ഇമ്മട്ടിൽ കൊന്നുതീർക്കാൻ കഴിയുന്നത്. റഷ്യയെപോലുള്ള ഒരു രാജ്യത്തിന് ഈ ക്രൂരതക്കു മുന്നിൽ നിൽക്കാൻ കഴിയുന്നതും നമ്മെ അത്ഭുതപ്പെടുത്തുന്നു. ഗൂതയിലെ അവസാന മനുഷ്യനും മരിച്ചുതീരുംവരെ ഈ ക്രൂരത തുടരാനാകും അവരുടെ ഭാവമെന്ന് തോന്നുന്നു.

**വിശ്വനാഥൻ തൃപ്പൂന്തര**
**മഞ്ചേശ്വരം, കാസർകോട്**

## ആ വാക്കു മതി

സിറിയൻ പത്രപ്രവർത്തക സമാ യസ്ബക്കിന്റെ ആ വാക്കു മാത്രം മതി (ആ കാപാലികരുടെ സ്വപ്നത്തിലേക്ക് ഞാൻ നുഴഞ്ഞു കയറും, എന്നിട്ട് ചോദിക്കാം: ആ കുഞ്ഞുങ്ങളുടെ നെഞ്ചിലേക്ക് നിറയൊഴിക്കുമ്പോൾ അവരുടെ കണ്ണിലേക്ക് നോക്കാമായിരുന്നില്ലേ) ഇതുപോലുള്ള ഭരണാധികാരികൾക്ക് ലോകത്തൊരിടത്തും ദൈവം കൂടുതൽ സമയം കൊടുക്കാറില്ല. അവിടെ ബാക്കിയുള്ള പിഞ്ചുകുഞ്ഞുങ്ങൾക്കായ് നമുക്കെല്ലാവർക്കും ഒന്നിച്ചു പ്രാർഥിക്കാം.

**അബ്ദുല്ല കാട്ടിൽ വളപ്പിൽ**
**അട്ടക്കുണ്ട് പയ്യോളി**

## ചെഞ്ചായമണിഞ്ഞ ബറാദ

ലക്കം 1554 വരാദ്യ മാധ്യമത്തിൽ പ്രസിദ്ധീകരിച്ച സുൽഹഫിന്റെ 'ബറാദ ഒരു ചുവന്ന നദി' എന്ന ഫീച്ചർ സിറിയയുടെ നേർചിത്രത്തെ വായനക്കാരിലേക്ക് തുറന്നു കാണിക്കുന്നതാണ്. അറബ് വസന്തം സൃഷ്ടിച്ച തീനാളം ഇന്നും സിറിയയെ കലാപക്കെടുതിയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായാണ് റഷ്യൻ സൈന്യം പിഞ്ചുമക്കളെപ്പോലും നരഹത്യക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നത്. കിഴക്കൻ ഗൂതയും ചെഞ്ചായമണിഞ്ഞ ബറാദയും കണ്ണീർക്കടലാക്കുമ്പോൾ സിറിയൻ എകാധിപതിയായ ബശ്ശാർ അൽഅസദിന്റെ ഈ ഭീകര നടപടികൾ ഭാവിലോകത്തെ തീർത്തും ആശങ്കയിലാഴ്ത്തുന്നു. ഇതുപോലെ സമസ്ത വിശേഷങ്ങളെയും വായനക്കാരിലേക്ക് എത്തിക്കാൻ വാരാദ്യ മാധ്യമത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**മുനവ്വർ എം.പി**
**ചട്ടിപ്പറമ്പ്, മലപ്പുറം**

## മികച്ച ലേ ഔട്ട്

സൃഷ്ടികൾ ശ്രദ്ധിക്കപ്പെടാൻ സപ്ലിമെന്റുകളിൽ ലേ ഔട്ട് മികച്ചതാവണം. എഴുത്തുമികവിനൊപ്പം മാധ്യമത്തിന്റെ ലേ ഔട്ട് ആർട്ടിസ്റ്റിന് ഒരു ബിഗ് സല്യൂട്ട്.

**സക്കീർ ഹുസൈൻ**
**അടക്കാക്കുണ്ട്**

## കാന്തള്ളൂർ ശാലയുടെ ചരിത്രം

ലക്കം1554 ലെ വാരാദ്യ മാധ്യമത്തിൽ പ്രസിദ്ധീകരിച്ച രതീഷ് പോങ്ങനാട് എഴുതിയ കാന്തള്ളൂർ ശാലയുടെ ചരിത്രം തേടി എന്ന ഡോക്യുമെന്ററി വളരെ മനോഹരമായിട്ടുണ്ട്. കാന്തള്ളൂർ ശാല എന്ന ചരിത്രസത്യത്തെ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും എത്തിക്കണം.

**ഫാത്തിമ ഫിദ കെ.കെ.**
**എടക്കാപറമ്പ. മലപ്പുറം**

## വീടു വിട്ടിറങ്ങുന്ന കഥകൾ

വാരാദ്യ മാധ്യമം ലക്കം 1554ൽ 'വീടു വിട്ടിറങ്ങുന്ന കഥകൾ' എന്ന ചന്ദ്രൻ പൂക്കാട് എഴുതിയ നാല് മിനിക്കഥകളിൽ മുറിവേറ്റ പ്രണയവും അനുരാഗവും മരണവുമെല്ലാം കടന്നു വരുന്നുണ്ട്. ഒരുതരം അശാന്തിയും മനോവ്യഥയും തീർക്കുന്നുണ്ട് വരികളിൽ.

കാലിക സാഹചര്യങ്ങളോട് കലഹിക്കുന്നുണ്ട് കഥകളത്രയും. ചെറിയ വരികളിൽ ജീവിതത്തിന്റെ നോവും വേവും നന്നായി അടയാളപ്പെടുത്തിയിട്ടുണ്ട് കഥാകാരൻ. ഇത്തരം കഥകൾ വായിക്കുമ്പോൾ പി.കെ.പാറക്കടവിനെയാണ് വായനക്കാരന് ഓർമ വരിക. (ഇത്തരം കഥകളെ മിനിക്കഥകളെന്ന് വിളിക്കരുതെന്നും ഇവ ശരിക്കും പ്രതികഥകളാണെന്നാണ് മേതിൽ രാധാകൃഷ്ണനൊക്കെ നിരീക്ഷിച്ചത് എന്നുമാണ് പി.കെയുടെ പക്ഷം.) ഇതേ ലക്കത്തിൽ 'മറയ്ക്കപ്പെട്ടത്' എന്ന തലക്കെട്ടിൽ ആനപ്പുഴക്കൽ അനിൽ എഴുതിയ കവിതയും മനോഹരമായിരുന്നു. രണ്ട് രചനകൾക്കുമായി കെ. നിസാറിന്റെ ചിത്രീകരണവും ഒന്നിനൊന്ന് മെച്ചം. വാരാദ്യ മാധ്യമത്തിന് ഏറെ ഭാവുകങ്ങൾ. കെട്ടിലും മട്ടിലും നല്ല മികവ് പുലർത്തുന്നുണ്ട്.

**കെ.പി. കുഞ്ഞമ്മദ്**
**ദേവർകോവിൽ**

## കലാകാരന്മാർ പുനർജനിക്കുന്നു

ലക്കം 1554ൽ അനിത. എസ് എഴുതിയ 'കുടുക്ക വീണയിലെ മാന്ത്രികത' കേരളം അറിയാതെപോയൊരു കലാകാരനെ വായനക്കാർക്ക് പരിചയപ്പെടുത്തിയിരിക്കുകയാണ്. ആധുനിക കലാകാരന്മാർ പുരാതന വസ്തുവായി മാറ്റിനിർത്തിയ കുടുക്ക വീണയെന്ന വാദ്യോപകരണത്തെ പുനരുജ്ജീവിപ്പിച്ച ഊരമാന രാജേന്ദ്രവാരാർ എന്ന കലാകാരനെ ലോകം അറിയേണ്ടതുണ്ട്. ഇത് പ്രസിദ്ധീകരിച്ച വാരാദ്യ മാധ്യമത്തിനും എഴുത്തുക്കാരിക്കും അഭിനന്ദനങ്ങൾ.

**ഫാഹിസ് അരിമ്പ്ര**

## അർഹിക്കുന്നവർക്കാണ് പുരസ്കാരങ്ങൾ

ലക്കം1554 ൽ 'ദ ഷോപ് ഓഫ് വാട്ടർ' എന്ന സിനിമയുടെ ആധികാരികത വരച്ചുകാട്ടിക്കൊണ്ട് മുഹമ്മദ് ശബിൻ എഴുതിയ 'വൈവിധ്യങ്ങളിൽ മുത്തമിട്ട ഓസ്കാർ' വായിച്ചു. മീ ടു കാമ്പയിൻ കുടിയേറ്റ വിരുദ്ധത, വംശീയത തുടങ്ങിയവ ചർച്ചചെയ്ത് ഈ സിനിമ സ്ത്രീകൾക്കും അഭയാർഥികൾക്കും തണലൊരുക്കുകയാണ്. അതുകൊണ്ടുതന്നെയാണ് പുരസ്കാര ചടങ്ങിനായി ലോകമെമ്പാടുമുള്ള സിനിമ പ്രേമികൾ കാത്തിരുന്നത്. ഇത്തരം ഒരു അപൂർവ സിനിമയെ വായനക്കാർക്ക് പരിചയപ്പെടുത്തിത്തന്ന എഴുത്തുകാരനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.

**അസ്ഹറുദീൻ**
**പുളിക്കൽ**

## വിദ്യാർഥികൾക്ക് സഹായകം

ലക്കം1554 ൽ രതീഷ് പോങ്ങനാട് 'കാന്തളൂർശാലയുടെ ചരിത്രം തേടി' എന്ന കിഷോർ കല്ലറയുടെ ഡോക്യുമെന്ററിയെ കുറിച്ച് രേഖപ്പെടുത്തിയത് കേരള കൾചർ പഠിക്കുന്ന ഞങ്ങളെപ്പോലെയുള്ള വിദ്യാർഥികൾക്ക് ഏറെ സഹായകമായി. വാരാദ്യ മാധ്യമത്തിന് നന്ദി. തുടർന്നും ഞങ്ങൾ ഇതേപോലെയുള്ള ചരിത്രപരമായ വസ്തുതകൾ പ്രതീക്ഷിക്കുന്നു.

**ഷാനിയ സലാം**
**മലയാള വിഭാഗം, എം.എസ്.എം കോളേജ്**
**കായംകുളം**

## ഒരു മകളും കുറെ അമ്മമാരും

മാതൃസ്നേഹം എന്തെന്ന് തിരിച്ചറിയാനുള്ള കഴിവുകേടുകൊണ്ട് സ്വാർഥതയുടെ വഴിയിലേക്ക് നീങ്ങുന്ന, മനുഷ്യരാൽ നഷ്ടപ്പെട്ടു പോയതും മക്കളാൽ അവഗണിക്കപ്പെട്ടതുമായ അമ്മമാർക്ക് വാത്സല്യം തേടി ഇറങ്ങിയ റസിയയും തന്റെ ശാന്തിനികേതനവും (ഒരു മകളും കുറെ അമ്മമാരും -ലക്കം 1553, റജീന മുഹമ്മദ് കാസിം) ഇന്ന് പുഞ്ചിരിയാലും അമ്മവാത്സല്യത്താലും നിറഞ്ഞുനിൽക്കുകയാണ്. വളർത്തി വലുതാക്കിയാൽ ഏത് അമ്മമാരും മക്കളിൽനിന്നാഗ്രഹിക്കുന്നത് സ്നേഹം മാത്രമാണ്. എന്നാൽ, അതുമാത്രം നഷ്ടപ്പെട്ടപ്പോൾ തകർന്നടിഞ്ഞ അമ്മമാർക്ക് താങ്ങും തണലുമാവുകയാണ് റസിയ. 'ഒരു മകളും കുറെ അമ്മമാരും' എന്ന ആവിഷ്കാരം വളരെ വൈകാരികമായി. അതിന്റെ പ്രവർത്തകർക്ക് ഒരായിരം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

**ജസ്ന. ടി**
**പെരുമ്പടപ്പ്**
**പുത്തൻപള്ളി**

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.**
whatsapp: **9645006105,** e-mail: **varadyam@madhyamam.in**
**പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12**

കഥ

# കസാലക്കളി



● ചിത്രീകരണം: **കന്നി. എം**

## മുഖ്താർ ഉദരംപൊയിൽ

ഗതികെട്ട ദിവസം, ഒരു വലിയ സമ്മേളന പരിപാടിയിൽ വെച്ച്, അയാളിരുന്നിരുന്ന കസാലയുടെ പിൻകാലുകൾ പിന്നോട്ട് വളഞ്ഞുപൊട്ടി അയാൾ മലർന്നടിച്ച് വീഴുകയായിരുന്നു. അത് വലിയൊരു കോമഡിയായി ആളുകൾ ആസ്വദിക്കുകയും കുരുത്തംകെട്ട ഒരു ഫോട്ടോഗ്രാഫറത് കാമറയിലാക്കുകയും ചെയ്തു. പിറ്റേന്നത്തെ ഒരു ദേശീയ പത്രത്തിൽ തന്നെ അയാൾ മലർന്നടിച്ചുകിടക്കുന്ന ഫോട്ടോ വലുതായി അച്ചടിച്ചുവരുകയും ചെയ്തു. പൊട്ടൻകുട്ടികളത് മൊബൈലിൽ പിടിച്ച് വാട്സ്ആപ്പിലും എഫ്ബിയിലും വൈറലാക്കിയെന്ന് പറഞ്ഞാമതിയല്ലോ.

കസാലക്കളിയിൽ മിടുക്കനായിരുന്നു അയാൾ. കുട്ടിക്കാലം മുതലേ ചുറ്റുവട്ടത്ത് നടക്കുന്ന കസാലക്കളി മത്സരങ്ങളിൽ അയാളായിരുന്നു എന്നും ഫസ്റ്റ്. കൂടെ കളിക്കുന്നവരെ മറികടന്ന് കസാല പിടിച്ചെടുക്കാൻ പ്രത്യേക കഴിവുതന്നെ അയാൾ നേടിയിരുന്നു. ഒരു കറക്കിക്കുത്ത് പോലെ ഭാഗ്യം വെച്ചുള്ള വിജയമാണ് കസാലക്കളിയെന്ന പൊതുവെയുള്ള ധാരണയെ മറികടക്കുന്ന പ്രകടനമാണ് അയാൾ എപ്പോഴും കാഴ്ചവെച്ചിരുന്നത്.

ആ മിടുക്ക് അയാളുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും വികസിച്ചുവലുതായി എന്ന് പറഞ്ഞാൽ മതിയല്ലോ. കസാല അയാൾക്കൊരു വീക്നെസായിരുന്നു. എവിടെ എത്തിയാലും ഏറ്റവും പ്രധാനപ്പെട്ട ഇരിപ്പിടം അയാൾ കൈയേറിയിരിക്കും. ഇഷ്ടപ്പെട്ടാൽ ആ ഇരിപ്പിടം തന്നെ അടിച്ചുമാറ്റിയെന്നും വരാം.

അച്ഛൻ മരിച്ചപ്പോൾ കിട്ടിയ പത്തിരുപത് സെൻറ് പരന്നുകിടക്കുന്ന പഴയ തറവാട്ടുവീട്ടിലും അതിൻെറ മുറ്റത്തും നിറഞ്ഞുകിടക്കുന്ന കസാല ശേഖരം കാണാൻ വിദേശികൾപോലും എത്താറുണ്ട്. ഒറ്റമരത്തിൽ ഉഴിഞ്ഞുണ്ടാക്കിയത്. ഒറ്റക്കല്ലിൽ കൊത്തിയെടുത്തത്. ഇരുമ്പിൽ വാർത്തെടുത്തത്. ആണ്ടുകളുടെ പഴക്കമുള്ളത്. കൊത്തുപണികളുടെ കൗതുകം നിറച്ചത്. തുണിയിൽ മെടഞ്ഞത്. പ്ലാസ്റ്റിക്കിൽ കോർത്തെടുത്തത്. സിംഹാസനം മുതൽ പ്ലാസ്റ്റിക്കിൻെറ ഉറപ്പില്ലാത്ത കസാല വരെ. ലോക റെക്കോഡുകളിൽ തന്നെ ഇടം പിടിക്കേണ്ട ശേഖര സമുച്ചയം.

കസാല തടഞ്ഞിട്ടൊന്ന് നടക്കാൻ പോലും വയ്യാണ്ടായെന്നാണ് വീട്ടിലുള്ളവരുടെ പരാതി. എന്നിട്ടും കസാലകൾ പല ജാതി പിന്നെയും വന്നുകൊണ്ടേയിരുന്നു.

കസാലപ്പിരാന്ത്!

ദെന്തൊരു ഭ്രാന്താണ് ദൈവേ..

അമ്മ ദൈവത്തിനും സൈ്വരം കൊടുത്തില്ല!

എത്ര ഇരുന്നാലും അയാൾക്ക് മതിവരില്ല. തീറ്റയും കിടത്തവും തൂറലും കുളിയും വരെ കസാലകളിലിരുന്നാണ്. ഇരുന്നിരുന്ന് പള്ള തള്ളി. ചന്തി ചപ്പി.

എന്തൊരു ഇരുത്താണിത്!

അമ്മയും ഭാര്യയും മക്കളും പരിഭവപ്പെട്ടു.

ഒരു കാര്യവുമുണ്ടായില്ല. കസാലകളോടും ഇരുത്തത്തോടുമുള്ള ഭ്രമം കലശലായിക്കൊണ്ടേയിരുന്നു. ദേശീയ മാധ്യമങ്ങളിലടക്കം സചിത്ര ഫീച്ചറുകൾ വന്നു. ദേശീയ ചാനലുകാർ അയാളുടെ വീടുതേടി വന്നു. ആളു ഫെയ്മസോടു ഫെയ്മസായി.

കസാലക്കളി മത്സരം വലിയൊരു ഉത്സവമായി തന്നെ വർഷാവർഷം അദ്ദേഹം നടപ്പിലാക്കി. പുതിയ കസാലകൾ കണ്ടെത്തുന്നതും അതിലിരിക്കുന്നതുമായിരുന്നു അയാളുടെ ഒരേയൊരുലഹരി.

മുതൽ മുടക്കില്ലാതെ ലാഭം കൊയ്യാനുള്ള കളികൂടിയാണ് കസാലക്കളിയെന്ന തിരിച്ചറിവായിരുന്നു അയാൾക്കുണ്ടായ ഏക തിരിച്ചറിവ്. അത് ഭയങ്കര രസമുള്ള കളിയായിരുന്നു. ഇതുവരെ കളിച്ച കളിയൊന്നും ഒരു കളിയായിരുന്നില്ലെന്ന് അയാൾക്ക് തോന്നി.

കുറേ കാലമായി കയിലുകുത്തിയവരെ കാലുവാരി കസാലകൾ കൈക്കലാക്കി അയാൾ നിറഞ്ഞിരുന്നു. കസാല തന്നെയായിരുന്നു ചിഹ്നവും. വലിയ ഭൂരിപക്ഷത്തിലായിരുന്നു ജയം..

ഇരുന്നിരുന്ന് അയാൾക്ക് മതിയായില്ല. പുതിയ പുതിയ കസാലകളിൽ അയാൾ ലഹരി കണ്ടെത്തി...

കസാലകളിൽനിന്ന് കസാലകളിലേക്കുള്ള ഓട്ടത്തിനിടക്കായിരുന്നു ആ വീഴ്ച. ചാനലുകളിലെ ആക്ഷേപഹാസ്യ പരിപാടികളിൽ വരെ ആ വീഴ്ച ആഘോഷമായി. അയാളുടെ ശത്രുക്കൾ മാത്രമല്ല, ബന്ധുക്കൾ പോലും ആ വീഴ്ചയുടെ രസം കണ്ട് ചിരിച്ചുമറിഞ്ഞു.

മൂന്നാല് ദിവസത്തിനുള്ളിൽ മറ്റൊരു ചടങ്ങിൽ വെച്ചും ഇതേ സംഭവം ആവർത്തിച്ചു. കസാലയുടെ പിൻകാലുകൾ തന്നെയാണ് പൊട്ടിയത്. സദസ്സിൻെറ മുൻനിരയിലുണ്ടായിരുന്ന ഒരു സ്ത്രീയുടെ മടിയിലേക്കാണ് അയാളന്ന് മലർന്നടിച്ചു വീണത്. എല്ലാവരും ചിരിച്ച് ചിരിച്ച് മരിക്കാറായി!

അതോടെ, അയാൾക്ക് കസാലയിൽ ഇരിക്കുന്നതു തന്നെ പേടിയായി. കഴിയുന്നതും ഇരിക്കാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി. ഇരിക്കാൻ നിർബന്ധിതമാവുമ്പോൾ കൈ, കാൽമുട്ടിൽ കുത്തി ബലംപിടിച്ച് കസേരക്ക് ഭാരം നൽകാതെ, യൂറോപ്യൻ ക്ലോസറ്റിൽ ഇരിക്കുന്ന മട്ടിൽ ഇരുന്നു. കസാലയുടെ പിൻകാലുകൾ ഞെരങ്ങിനീങ്ങുന്നതായും താൻ പിന്നിലേക്ക് ഇപ്പോൾ മറിഞ്ഞുവീഴുമെന്നും ആ ഇരുത്തത്തിലും അയാൾക്ക് തോന്നി. ഇടക്ക് എഴുന്നേറ്റ് അയാൾ കസാലയുടെ ബലം ഉറപ്പുവരുത്തിക്കൊണ്ടിരിന്നു. പരിപാടി തീർന്നുകിട്ടിയെങ്കിൽ എന്ന് അയാൾ പ്രാർഥിച്ചുപോവും.

പിന്നെപ്പിന്നെ പൊതുപരിപാടികളിൽ നിന്നെല്ലാം വളരെ വിദഗ്ധമായി അയാൾ മുങ്ങിത്തുടങ്ങി. എപ്പോഴും വീട്ടിൽ ചടഞ്ഞുകൂടി. പാർട്ടിയിൽ ഗുലുമാലായി. വാർത്തയായി. വർത്തമാനമായി. അവസാനം നേതൃത്വം ഇടപെട്ടു. കീഴടങ്ങുകയല്ലാതെ നിവൃത്തിയില്ലായിരുന്നു. അതോടെ, വീട്ടിൽനിന്ന് പുറത്തിറങ്ങാതായി. കൂട്ടിയിട്ട കസേരകൾക്കിടയിലും അയാൾ നിലത്ത് പടിഞ്ഞിരുന്നു. നിലത്ത് കിടന്നു...

'ഇവനെന്താ മൂലക്കുരുവുണ്ടോ.. ആ കസാലേല് കേറി ഇരിക്കെടാ പള്ളേക്കുട്ടാപ്പീ!'

എന്ന് അമ്മ ശകാരിച്ചുകൊണ്ടേയിരുന്നു.

ഇങ്ങക്കിതെന്ത് പറ്റീന്ന് ഭാര്യയും, അച്ഛാ കസേരക്കൊന്നും ഇപ്പൊ പണ്ടത്തെ ഉറപ്പില്ല അല്ലേ എന്ന് വാട്സ്ആപ്പിൽ കുത്തി നടക്കുന്ന മക്കളും ചോദിച്ചു.

ചോദ്യങ്ങൾ അലോസരമായി തുടങ്ങിയപ്പോഴാണ് വീട്ടിലും പറമ്പിലും കുന്നുകൂടിയ കസാലകൾ വലിയൊരു ഭാരമായി അയാൾക്കനുഭവപ്പെട്ടുതുടങ്ങിയത്. അങ്ങനെയാണ് കിട്ടിയ പണത്തിന് എല്ലാം വിറ്റൊഴിവാക്കാൻ തീരുമാനിച്ചതും.

കസാലകൾ കയറ്റിക്കൊണ്ടുപോകാൻ നാലഞ്ചു ലോറികൾ വരിവരിയായി കയറിവരുന്നത് കണ്ടപ്പോഴാണ് നാട്ടുകാരും വീട്ടുകാരും ഇയാൾക്കിതെന്ത് പറ്റിയെന്ന് ശരിക്കും മൂക്കത്ത് വിരൽ വെച്ച് കൂട്ടം കൂടിയത്.

ലോറികൾ തിരിച്ചുപോയപ്പോൾ അകത്തും പുറത്തും നിലാവുപരന്നു.

ഹാവൂ..!

അമ്മ ഒന്ന് ശ്വാസം വിട്ടു.

അതേതായാലും നന്നായി!

ഭാര്യ രണ്ട് ശ്വാസം വിട്ടു.

അച്ഛൻെറ വിയർപ്പും ശ്വാസവും പറ്റിപ്പിടിച്ച ചാരുകസാല മാത്രം ഉമ്മറപ്പടിയിൽ ഒറ്റക്കിരുന്നു. ആ കസാലയിലേക്ക് കയറിക്കിടക്കാൻ അയാൾക്ക് ആഗ്രഹമുണ്ടായി. ആ ശീല കീറുകയോ കാലുകൾ പൊട്ടുകയോ ചെയ്യുമെന്ന ഭയം ഉള്ളിലുണ്ടായതുകൊണ്ടുതന്നെ ഉമ്മറപ്പടിയിൽ ചമ്രം പടിഞ്ഞിരുന്നു. കുറച്ചുസമയം അങ്ങനെ ഇരുന്നപ്പോൾ അയാൾക്ക് മടുത്തു. കുത്തിയെണീറ്റ് കുമ്പിട്ട് ഉച്ചത്തിലൊരു വളിയിട്ട് അയാൾ അവിടെ തന്നെ മലർന്നടിച്ചുകിടന്നു.

അപ്പോൾ പുറത്ത് വന്നുനിന്ന ആരവം, എന്തോ ചീഞ്ഞുമണക്കുന്നല്ലോ എന്ന ശങ്ക പോലെ മൂക്കുപൊത്തിനിന്നു.

കസാലക്കളിയുത്സവത്തിന് ദിവസങ്ങളേറെയില്ല. അയാൾ തുടങ്ങിവെച്ച ഉത്സവമാണ്. ഇപ്രാവശ്യം ഉത്സവം നടത്തുന്നത് മറ്റൊരാളാണ്. രാജപ്പൻ. അയാൾ രാജിവെച്ച ഒഴിവിലേക്ക് മത്സരിച്ച് ജയിച്ചയാൾ. അതല്ല രസം, ഉത്സവത്തിൽ നാട്ടുകാരുടെ ആദരം സ്വീകരിക്കാൻ അയാളെ ക്ഷണിക്കാൻ വേണ്ടിയാണത്രെ ആ ആരവം മുറ്റത്തെത്തി നിൽക്കുന്നത്.

ഒരു ഗ്രാം തങ്കത്തിൽ പൊതിഞ്ഞ ഒരു ചെറിയ കസാലരൂപമാണത്രെ അയാൾക്ക് സമ്മാനിക്കാനായി തട്ടാൻ സുകു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതിൻെറ ചെലവു വഹിക്കുന്നതും രാജപ്പനാണ്. കക്ഷി അടുത്ത മന്ത്രിസഭ പുനർരൂപവത്കരണത്തിൽ മന്ത്രിയാവാൻ സാധ്യതയുണ്ടത്രെ. •

വായന

# മരണാനന്തരം രേഖപ്പെടുത്തിയ ഡയറിക്കുറിപ്പുകൾ

ഒരു മനുഷ്യൻെറ മരണാനന്തര ജീവിത പരീക്ഷണങ്ങളെ അനാവരണം ചെയ്യുന്ന ആഖ്യായിക. മനുഷ്യജന്മത്തിൻെറ നിസ്സാരതയും ക്ഷണികതയും നിസ്സഹായതയും നിശ്ശബ്ദ തേങ്ങലുകളായി വ്യാപിച്ചുകിടക്കുന്ന ഈ നോവലിൽ മനുഷ്യൻെറ നന്മതിന്മകൾ തുലനം ചെയ്യുന്നു. പശ്ചാത്താപത്തിൻെറ വിശുദ്ധജലം കൊണ്ട് ഹൃദയം ശുദ്ധീകരിക്കുന്നു

## സൈനുൽ ആബിദ് പി.പി.

മരണത്തെ തോൽപിക്കാൻ മനുഷ്യനാകുമോ? അതിനുള്ള ശ്രമങ്ങൾ ലോകത്ത് മുമ്പുതന്നെ നടന്നിട്ടുണ്ട്. ഇപ്പോൾ ശാസ്ത്രീയമായിത്തന്നെ നടക്കുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ജനിറ്റിക് എൻജിനീയറിങ്, നാനോ ടെക്നോളജി തുടങ്ങിയവയുടെ സഹായത്തോടെയാണ് അത്തരത്തിലുള്ള ഗവേഷണങ്ങൾ നടക്കുന്നത്. ഭൗതികശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങടക്കം 'അതിജീവിക്കാനാകും' എന്ന തരത്തിൽ മുമ്പ് പ്രസ്താവനയിറക്കിയിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇൻറലിജൻസും കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും തമ്മിൽ ബന്ധിപ്പിച്ചായിരുന്നു അദ്ദേഹത്തിൻെറ നിരീക്ഷണങ്ങൾ. എന്നിരുന്നാലും വേൾഡ് ട്രാൻസ് ഹ്യൂമാനിറ്റിസ്റ്റ് (ഡബ്ല്യു.ടി.എ) എന്ന സംഘടന ഇത്തരത്തിലുള്ള ഗവേഷണങ്ങൾക്ക് ആഗോള തലത്തിൽതന്നെ ചുക്കാൻ പിടിക്കുന്നുണ്ട്. ഗവേഷണങ്ങൾ വിജയിക്കാനായി ലോകത്തിൻെറ വിവിധയിടങ്ങളിൽ സംസ്കരിക്കാതെ ഒരുപാട് മൃതദേഹങ്ങൾ 'കാത്തിരിക്കുന്നുമുണ്ട്'. എന്നാൽ, 2004ൽ ശാസ്ത്രചിന്തകൻ ഫ്രാൻസിസ് ഫുക്കുയാമ മനുഷ്യൻ ഭാവിയിൽ നേരിടാൻ പോകുന്ന ഏറ്റവും അപകടകരമായ ആശയം എന്നാണ് ഇത്തരത്തിലുള്ള ചിന്താപദ്ധതിയെ വിശേഷിപ്പിക്കുന്നത്. നമ്മുടെ കുഞ്ചൻ നമ്പ്യാർ 'കാലനില്ലാത്ത-കാല'ത്തിലൂടെ ഉയർത്തുന്ന സന്ദേഹങ്ങളും അസ്ഥാനത്തല്ല. മരണം എന്നത് യാഥാർഥ്യമാണ്.

മരണാനന്തര ജീവിതത്തിൽ ചിലർ വിശ്വസിക്കുന്നു. ചിലർ വിശ്വസിക്കുന്നില്ല. മരണം ജീവിതത്തിൻെറ സമസ്ത മണ്ഡലങ്ങളെയും സ്വാധീനിക്കുന്ന, സദാ ചർച്ച ചെയ്യുന്ന, ആർക്കും പിടിതരാത്ത ഒന്നാണ്. അത് പ്രമേയമാക്കി സാഹിത്യത്തിൽ നിരവധി ആഖ്യാനങ്ങൾ വന്നിട്ടുമുണ്ട്. മൃത്യുവിന് തൊടാൻ കഴിയാത്ത കഥാപാത്രങ്ങളും ഉണ്ടായിട്ടുണ്ട്. ടാർസനും ഹെയ്ദിയും ഡ്രാക്കുളയുമടക്കം സാഹിത്യത്തിൽ വന്നുപോയി. എന്നാൽ, മരണാനന്തര ജീവിതം അത്യപൂർവമായി മാത്രമാണ് സാഹിത്യത്തിൽ സംഭവിക്കുന്നത്. ഇസ്ലാം വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മരണവും മരണാനന്തര ജീവിതവും പ്രമേയമായി മലയാളത്തിലിറങ്ങിയ 'മരണപര്യന്തം-റൂഹിൻെറ നാൾമൊഴികൾ' അത്തരത്തിലുള്ള ഒരു നോവലാണ്. ഖുർആൻ, പ്രവാചക വചനങ്ങൾ (ഹദീസ്), ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ (തഫ്സീർ) എന്നിവയിലൂടെ ലോക മുസ്ലിംകൾ പഠിച്ച അതേ മരണാനന്തര ജീവിതം തന്നെയാണ് ഈ പുസ്തകത്തിലുള്ളതെങ്കിലും നോവലിലെ കഥാപാത്രങ്ങളിലൂടെ അത്തരത്തിലുള്ള ഒരു 'റൂഹ് ജീവിതം' കേരളീയ പരിസരത്തേക്ക് പറിച്ചുനടാൻ ഗ്രന്ഥകർത്താവിന് സാധിച്ചിട്ടുണ്ട്.



**മരണപര്യന്തം: റൂഹിൻെറ നാൾമൊഴികൾ (നോവൽ)**
ശംസുദ്ദീൻ മുബാറക്, ഡി.സി ബുക്സ്
പേജ്: 160, വില: 130

തയ്യിലപ്പറമ്പിൽ അബൂബക്കറിൻെറ മകൻ ബഷീറിൻെറ മരണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. മരണം, മരണാനന്തര കർമങ്ങൾ, മയ്യിത്ത് ഖബറടക്കം, ഖബറിലെ ജീവിതം, മഹ്ശറ (ലോകാവസാനത്തിനുശേഷം മനുഷ്യവർഗത്തെ വിചാരണ ചെയ്യാനായി ദൈവം സൃഷ്ടിക്കുന്ന പുതിയ ലോകം), വിചാരണ, സ്വർഗ-നരകങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് പ്രാണൻെറ വഴികൾ, അനന്തം, അനശ്വരം എന്നീ രണ്ടു പർവങ്ങളിലായി വരച്ചിട്ട ഭ്രമാത്മകമായ ഒരു ലോകമാണ് ഗ്രന്ഥകർത്താവ് കാണിച്ചുതരുന്നത്. മരണത്തോടെ കുടുംബത്തിൽനിന്ന് മറ്റൊരു ലോകത്തേക്ക് ബഷീർ യാത്രയാകുന്നു. കുടുംബവുമായി അഭേദ്യമായ ബന്ധം ജീവിതകാലത്ത് അദ്ദേഹത്തിനുണ്ട്. ഉമ്മയും ഭാര്യയും മക്കളും നാടും അദ്ദേഹത്തിൻെറ വേരുകൾ തന്നെയാണ്. അവരെക്കുറിച്ചൊക്കെയുള്ള ഓർമകളാണ് ആദ്യമാദ്യം പറയുന്നത്. കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമകളും മതപഠനങ്ങളും പിന്നീട് ജീവിതത്തിൽ പ്രവാസിയായി സൗദിയിലെ അൽജൗഫിലെ ജീവിതവുംകൂടി അതിനോട് ചേർക്കുമ്പോൾ ഒരു ശരാശരി കേരളീയ മുസ്ലിം ജീവിതപരിച്ഛേദം നോവലിലെ ഒന്നാം പർവത്തിൽ കാണാൻ കഴിയും. വല്യുമ്മയുടെ മുതാംസ് കോഴിയെക്കുറിച്ചുള്ള ഓർമകളൊക്കെ ഈ ജീവിതപരിസരത്തെ കുറച്ചുകൂടി സത്യസന്ധമാക്കുന്നു. വല്യുമ്മ, പെൺകുട്ടി പിറന്നാൽ വിളിക്കാനായി കണ്ടുവെച്ചിരുന്ന പേരായിരുന്നു മുതാംസ്. പിറക്കാതെപോയ പെൺകുട്ടിയെ തൻെറ പിടക്കോഴിയിലൂടെ യാഥാർഥ്യമാക്കുകയായിരുന്നു വല്യുമ്മ. മുംതാസിന് പാവാടയും ബ്ലൗസും വരെ വല്യുമ്മ തയ്പ്പിച്ചുനൽകി. കൂടെ ഉറക്കി. എന്നാൽ, വല്യുമ്മ മരിച്ചതിൻെറ തൊട്ടടുത്ത പെരുന്നാളിന് മുംതാസ്, ബിരിയാണിയിലെ കഷണങ്ങളായി. ഇങ്ങനെ വല്യുമ്മയും കോഴിയും ബൈത്തുകളും ബദ്ർമാലയും മുഹ്യിദ്ദീൻ മാലയും മലപ്പുറം പടപ്പാട്ടും ഖിസ്സകളും മമ്പുറം തങ്ങളും പുത്തൻപള്ളി മഖ്ബറയും ചേർന്ന് കേരളീയ മുസ്ലിം പശ്ചാത്തലത്തിലേക്കാണ് ബഷീറിൻെറ ഓർമകളുടെ താഴ്വേരിറങ്ങുന്നത്.

മരണാനന്തരം തന്നെ കാണാൻ വരുന്ന മറ്റ് ആത്മാക്കളുമായുള്ള സംഭാഷണത്തിലൂടെയും ബന്ധത്തിലൂടെയും വ്യാഴാഴ്ച രാത്രി മുതൽ വെള്ളിയാഴ്ച ഉച്ചവരെ ലഭിക്കുന്ന 'പരോളി'ൽ നാട്ടിൽ കാണുന്ന കാഴ്ചയിലൂടെയുമാണ് പിന്നീട് കഥാവികസനം. ഇടക്ക് മരണത്തെക്കുറിച്ചുള്ള തത്ത്വചിന്താപരമായ ആശയങ്ങൾ നോവൽ എടുത്തുവെക്കുന്നു. മരിച്ചവർ എത്ര പ്രിയപ്പെട്ടവരാണെങ്കിലും സ്വപ്നത്തിൽപോലും മരിച്ചവരുടെ കാഴ്ച ജീവിച്ചിരിക്കുന്നവരെ ഭയപ്പെടുത്തുന്നതെന്തെന്ന് എനിക്കറിയില്ല. മരിച്ചവരെ പ്രേതമെന്നോ പിശാചെന്നോ വിളിച്ച് ആട്ടിയകറ്റാനാണ് അവർക്കിഷ്ടം. ഒരിടത്ത് ബഷീർ പരിതപിക്കുന്നതിങ്ങനെയാണ്.

നോവലിലെ രണ്ടാം പർവം മഹ്ശറയും അവിടത്തെ വിചാരണയും നരകശിക്ഷയും വർണിക്കുന്നു. രണ്ടാം പർവത്തിൽ കേവല വർണനയിലേക്ക് നോവൽ സഞ്ചരിക്കുന്നു. ഖുർആനിലും വ്യാഖ്യാന ഗ്രന്ഥങ്ങളിലും മറ്റും പ്രതിപാദിച്ച അതേ മഹ്ശറയും നരകവും തന്നെയാണ് ഇവിടെയും കാണുന്നത്. പക്ഷേ, വിവരണത്തിലേക്ക് മാത്രമായി നോവലൂന്നിയതും ഒന്നാം പാദത്തേക്കാൾ താരതമ്യേന ചുരുക്കിയതും നോവൽ അവസാനിപ്പിക്കാൻ ഗ്രന്ഥകാരൻ തിടുക്കംകൂട്ടിയതുപോലെ തോന്നി. ഏറെ പഠനങ്ങൾക്കുശേഷം രചിച്ച 'മരണപര്യന്തം-റൂഹിൻെറ നാൾമൊഴികൾ' നോവലിൽ ഗ്രന്ഥകാരൻ സൂക്ഷ്മത പുലർത്തുന്നുണ്ട്. തൻെറ ഭാവനകളെ, മരണാനന്തര ജീവിതത്തെ വായനക്കാരൻ തെറ്റായി വ്യാഖ്യാനിക്കാതിരിക്കാൻ നിയന്ത്രിക്കുന്നുമുണ്ട്.

ഒരു മനുഷ്യൻെറ മരണാനന്തര ജീവിത പരീക്ഷണങ്ങളെ അനാവരണം ചെയ്യുന്ന ആഖ്യായിക. മനുഷ്യജന്മത്തിൻെറ നിസ്സാരതയും ക്ഷണികതയും നിസ്സഹായതയും നിശ്ശബ്ദ തേങ്ങലുകളായി വ്യാപിച്ചുകിടക്കുന്ന ഈ നോവലിൽ മനുഷ്യൻെറ നന്മതിന്മകൾ തുലനം ചെയ്യുന്നു. പശ്ചാത്താപത്തിൻെറ വിശുദ്ധജലം കൊണ്ട് ഹൃദയം ശുദ്ധീകരിക്കുന്നു. •

കവിത



● ചിത്രീകരണം: **കെ. നിസാർ**

# പാതകൾ

## ജലീൽ പന്നിക്കോട്


കാത്തുവെച്ച
സങ്കൽപങ്ങളിൽ
വെള്ളം ചേരുമ്പോഴാണ്,
പരിമിതികൾ
മതിൽ കെട്ടുകളാവുക...

തിങ്ങിയ ഇടനാഴി
അറച്ചുവെക്കുന്ന
ചില കാലടികളെ
അടയാളപ്പെടുത്താറുണ്ട്,
വേറിട്ടു നിൽക്കുന്ന
നീണ്ട കാൽവിരൽ കണക്കെ...

നീണ്ടു വളഞ്ഞ
പാതയോരങ്ങൾ,
നിലവിളിക്കപ്പെട്ട
ദൂരക്കണക്കു നോക്കി
ഇരയെ ഗണിക്കുന്നതും
ഒരശരീരി പോലെ
പാടിപ്പതിഞ്ഞ പഴമ്പറച്ചിൽ...

ഇനിയുറങ്ങാവുന്ന
സ്വപ്നങ്ങളുടെ
കരിമ്പടങ്ങളിൽ,
ഇരുണ്ട ധൂളികളുണ്ടാവും
ചുട്ടുപൊള്ളുന്ന
രാക്കാറ്റുവഴിയിലെ
ഇരുണ്ട ആത്മരതികളായ്...

പുസ്തകം




**മരയ**
ടി. പത്മനാഭൻ
പേജ്: 78, വില: 125.00
ഡി.സി ബുക്സ്

വാചാലമല്ലാതെ, ആലങ്കാരികതകൾ ഇല്ലാതെ വായനക്കാരനോട് മന്ത്രിക്കുകയാണ് ഓരോ കഥയും. എഴുത്തിൻെറ സപ്തതിയിൽ ടി. പത്മനാഭൻെറ ഏറ്റവും പുതിയ കഥകളുടെ സമാഹാരം.



**13 ഹൊറർ കഥകൾ**
വിവ. മരിയ റോസ്
പേജ്: 250, വില: 275.00
ഗ്രാസ്റൂട്സ്

ആധുനിക ഭീതിസാഹിത്യത്തിൻെറ ഉത്ഭവത്തിനും വളർച്ചക്കും വഴിതെളിച്ച സുപ്രസിദ്ധങ്ങളായ 13 കഥകളുടെ സമാഹാരം. മനുഷ്യരും പ്രേതങ്ങളും വിഹരിക്കുന്ന അസാധാരണ കഥാലോകം.




**റാമല്ല ഞാൻ കണ്ടു**
മുരീദ് ബർഗൂതി
വിവ. അനിത തമ്പി
പേജ്: 217, വില: 220.00
ഒലിവ്

നിഷേധിക്കപ്പെട്ട ചരിത്രവും കാൽക്കീഴിൽനിന്ന് എടുത്തുമാറ്റപ്പെട്ട മണ്ണുമുള്ള ഒരു ഫലസ്തീനിയുടെ അനുഭവ ആഖ്യാനം. ആഡംബരങ്ങളോ അതിശയോക്തികളോ ഇല്ലാതെ രചിക്കപ്പെടുന്നു.



**പാട്ടുവഴിയോരത്ത്**
രവി മേനോൻ
പേജ്: 159, വില: 160.00
മാതൃഭൂമി ബുക്സ്

അനേകം പാട്ടുകളിലൂടെയും അവയുടെ സൃഷ്ടിക്കു പിന്നിലെ വേദനയും ആഹ്ലാദവും നിറഞ്ഞ അനുഭവങ്ങളിലൂടെയും കാലങ്ങളിലൂടെയും നടത്തുന്ന സഞ്ചാരം.




**മുതലാളിത്തവും ജാതിവ്യവസ്ഥയും**
വേണുഗോപാലൻ കെ.എ.
പേജ്: 120, വില: 115.00
ചിന്ത പബ്ലിഷേഴ്സ്

ഇന്ത്യയിലെ ജാതിവ്യവസ്ഥയും രൂപവും രൂപവത്കരണവും പരിണാമവും ചരിത്രപരമായി വിലയിരുത്തുന്ന ഹ്രസ്വ പഠനം.



**കാടിനുള്ളിൽ രഹസ്യമായി ഒഴുകുന്ന നദികൾ**
അംബികാസുതൻ മാങ്ങാട്
പേജ്: 104, വില: 95.00
ഡി.സി ബുക്സ്

വരുംകാലത്തിൻെറ അടരുകളിൽ കരുതിവെക്കേണ്ടുന്ന ജൈവസത്തയാണ് ഈ കഥകളുടെ ആത്മാംശം. 12 കഥകളുടെ സമാഹാരം.



**അത്യുത്തര കേരളത്തിൻെറ ബഹുമുഖ പൈതൃകം**
എൻ.കെ. കൃഷ്ണൻ
പേജ്: 134, വില: 150.00
കൈരളി ബുക്സ്

വടക്കേ മലബാറിൻെറ ഗതകാല ജീവിത സംസ്കൃതിയുടെ അടരുകൾ തേടിയുള്ള അന്വേഷണം. തെയ്യം, വൈദ്യം, സാഹിത്യം എന്നിങ്ങനെ വിവിധ വിഷയങ്ങൾ കടന്നുവരുന്നു.



**കണ്ണൻ നമ്പ്യാർ ഡൽഹിയിൽ**
എം. മുകുന്ദൻ
പേജ്: 50, വില: 45.00
ഹരിതം ബുക്സ്

കേവല പാരായണത്തിനും സാഹിത്യാസ്വാദനത്തിനുമപ്പുറം അങ്ങേയറ്റത്തെ ധിഷണാവ്യാപാരമായി വായനയെ സമീപിക്കാൻ ഉതകുന്ന രചന. മൂന്നാം പതിപ്പ്.

സംഗീതം

# ഒഴുകിപ്പരക്കുന്ന ധ്യാനം



**ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്ക് ഒഴുകിപ്പരക്കുന്ന ധ്യാനമാണ് ഷഹബാസിന് പാട്ടുകൾ. സംസ്ഥാന സർക്കാറിൻെറ മികച്ച ഗായകനുള്ള പുരസ്കാര നേട്ടത്തിൻെറ പശ്ചാത്തലത്തിൽ ഷഹബാസ് അമൻ പാട്ടും ആലോചനകളും പങ്കുവെക്കുന്നു**

ഷഹബാസ് അമൻ\റഹ്മാൻ കുറ്റിക്കാട്ടൂർ

പ്രണയത്തിൻെറ ആകാശങ്ങളിലേക്കും വേർപാടിൻെറ ആഴങ്ങളിലേക്കും ഹൃദയങ്ങളെ കൊണ്ടുപോയ ഭാവാദ്രഗായകനാണ് ഷഹബാസ് അമൻ. സംസ്ഥാന സർക്കാറിൻെറ ഈ വർഷത്തെ ഏറ്റവും മികച്ച ഗായകനുള്ള പുരസ്കാരം ലഭിച്ച ഷഹബാസ് പാട്ടിൻെറ വഴികളിൽ സ്നേഹത്തിൻെറ ശബ്ദമാണ്.

കാവ്യാത്മകമായ സംഗീതത്തിലൂടെ ഹൃദയം നിറച്ച് പ്രണയം തുളുമ്പി പാടുന്ന മറ്റൊരു പാട്ടുകാരൻ ഇല്ല. സംഗീത സംവിധായകൻ, പിന്നണി ഗായകൻ, പ്രണയത്തിൻെറയും വിരഹത്തിൻെറയും പാട്ടുകാരൻ ഇതെല്ലാം ചേർന്ന ഗസൽ ഗായകനാണ് ഷഹബാസ്. അതുകൊണ്ടുതന്നെയാണ് പ്രണയം പ്രമേയമായി സിനിമകൾ ഒരുങ്ങുമ്പോൾ ഷഹബാസിൻെറ ശബ്ദം നാം വീണ്ടും കേൾക്കുന്നത്. പ്രണയം, വേദന ഇവയൊക്കെ സിനിമയിൽ കടന്നുവരുമ്പോഴാണ് അണിയറ പ്രവർത്തകർ, സംവിധായകർ ഷഹബാസിനെ തേടിയെത്തുന്നത്. ഒരിക്കലും പിന്നണി തേടി ഷഹബാസ് നടന്നിട്ടില്ല. 'മായാനദി'യിൽ ആഷിഖ് അബുവിൻെറ അവസാന വിചാരത്തിൽ ഷഹബാസ് എത്തുകയായിരുന്നു. മായാനദിയിൽ പാട്ടൊരുക്കിയതിൻെറ അനുഭവം ഷഹബാസ് പറയുകയാണ്.

**മിഴിയിൽനിന്നും മിഴിയിലേക്ക്**

» മിഴിയിൽനിന്നും മിഴിയിലേക്ക് തോണി തുഴഞ്ഞേ പോയ്...
മഴയറിഞ്ഞില്ലിരവറിഞ്ഞില്ലകമഴിഞ്ഞോ നമ്മൾ തമ്മിൽ മെല്ലെ..
മായാനദി സിനിമയിലെ ആ ഗാനത്തിനാണ് മികച്ച ഗായകനുള്ള പുരസ്കാരം ഷഹബാസ് അമനെ തേടിയെത്തിയത്.

"ഈ ഗാനം ഹൃദയം ചേർത്തുപാടാൻ കഴിഞ്ഞത് സിനിമയിൽ ലഭിച്ച പുതിയൊരു അനുഭവംകൊണ്ടു കൂടിയാണ്. സാധാരണ പാട്ടിൻെറ സീനുകൾ പറഞ്ഞുകേട്ട്, മനസ്സിൽ സീൻ ഓർത്താണ് പാടുക. മായാനദിയിൽ പാട്ടിൻെറ വിഷ്വലുകൾ നേരത്തേ കണ്ട് സംഗീത സംവിധായകൻ റെക്സ് വിജയൻ, രചന നിർവഹിച്ച അൻവർ എന്നിവരുമായി ചർച്ച ചെയ്ത് പ്രണയതീവ്രതക്ക് അനുസരിച്ച് ചിട്ടപ്പെടുത്തിയതാണ് ഈ ഗാനം. കേട്ടുപരിചയിച്ച റെക്സിനെ ആദ്യമായി കാണുന്നത് ഈ സിനിമയിലാണ്. "

**പിന്നണി ഗായകൻ എന്ന പരിമിതി**

» "2005ൽ പുറത്തിറങ്ങിയ ചാന്ത്പൊട്ടിലെ 'ചാന്ത് കുടഞ്ഞൊരു സൂര്യൻ മാനത്ത്...' എന്ന ഗാനം പാടിയാണ് പിന്നണിക്ക് തുടക്കം കുറിക്കുന്നത്. പിന്നണി ഗായകൻ എന്നത് ഒരു പരിമിതിയാണ്. അതുകൊണ്ടുതന്നെ പിന്നണി എന്ന് ചേർത്തുവെക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഈ പരിമിതിക്കപ്പുറം കടക്കുന്ന ആശയങ്ങളുടെ ഒരു കടൽ നിറഞ്ഞുതുളുമ്പുകയാണ് നമ്മളിൽ. ഒരു ലവ് സ്റ്റോറി സിനിമയാകുമ്പോൾ അതിൻെറ പിന്നണിയിലുള്ളവർ പാട്ടുകാരനെ തേടുമ്പോഴായിരിക്കും എന്നെ ഓർക്കുക. പ്രണയം അല്ലെങ്കിൽ വേദന ഇതാണല്ലോ നമ്മുടെ പാട്ടുകൾ".

വലിയ ആൾക്കൂട്ടത്തിന് മുന്നിലായാലും സിനിമയിലായാലും ന്യൂ ജനറേഷൻ ഇഷ്ടപ്പെടുന്ന റൊമാൻറിക് വോയ്സാണ് ഷഹബാസിൻേറത്. ഇവർ ഗസലുകൾ ഇഷ്ടപ്പെടുന്നതിന് പിന്നിൽ ഈ ശബ്ദത്തിന് വലിയ പങ്കുണ്ട്. മണിക്കൂറുകളോളം തൻെറ മുന്നിലിരിക്കുന്നവർക്ക് ഷഹബാസിൻെറ ഓരോ പാട്ടും ഹൃദയത്തിൽ മുത്തമിട്ട് ശാന്തമായ തിരയായി തിരിച്ചുപോവും. റൂമിയും മിർസാ ഗാലിബും ദസ്തയേവ്സ്കിയും ഖലീൽ ജിബ്രാനും വർത്തമാനങ്ങളായി നമ്മിലേക്ക് എത്തും. ബാബുക്കയും കോഴിക്കോട് അബ്ദുൽ ഖാദറും മെഹ്ദി ഹസനും ഒ.എൻ.വിയും സച്ചിദാനന്ദനും വിരഹത്തിൻെറയും പ്രണയത്തിൻെറയും കവിതയായി പെയ്തിറങ്ങും.

**ജീപ്പിൻെറ നമ്പറാണ് ഗുരു**

» "ഗസൽ ഗായകൻ എന്ന ഒരു ബ്രാക്കറ്റിൽ ചേർക്കാനിഷ്ടമില്ലാത്തതുകൊണ്ടാണ് ഞാൻ 'ഷഹബാസ് പാടുന്നു' എന്ന് പറയാൻ ഇഷ്ടപ്പെടുന്നത്. സൂഫി സംഗീതത്തിൻെറ വേരുകൾ തേടിയുള്ള യാത്രയിലാണ് KEF1126 എന്ന ആൽബം പിറന്നത്.

നരകത്തിൽ തീയില്ലാ...
സ്വർഗത്തിൽ തോട്ടവും ഇല്ലാ...
എല്ലാം നിൻെറ ഉള്ളിൽ... നിൻെറ ഉള്ളിൽ.

അലയുന്ന ദർവീശുകളുടെ വഴിയിലൂടെയുള്ള യാത്രയാണ് ഈ ഗാനം. ഗസലിൻെറ വഴിയിൽ സൂഫി ധാരയിലേക്കുള്ള മനസ്സിൻെറ യാത്ര. ഈ ആൽബം ഒരു ചുവടുമാറ്റമായി തെറ്റിദ്ധരിച്ച് പല വ്യാഖ്യാനങ്ങളും വന്നതായിരുന്നു അനുഭവം. പന്തുകളിയും പാട്ടുസംഘവും സഞ്ചരിച്ച എൻെറ ജീപ്പിൻെറ നമ്പറായിരുന്നു KEF1126.

അതെൻെറ ഗുരുവായി കണ്ടാണ് ഈ ആൽബത്തിന് ആ പേരിട്ടത്. അവിടെ മുതൽ ഞാൻ ഒരു സൂഫി ധാരയോട് അടുത്തു എന്ന് എന്നെ സ്നേഹിക്കുന്നവർ പറയുന്നു. വായനയിൽ റൂമിയും സാർത്രും ബഷീറും ദസ്തയേവ്സ്കിയും എല്ലാമുണ്ട്. റൂമിയുടെ സ്വാധീനം സൂഫിയുടെ വേരുകൾ തേടിയുള്ള യാത്രയിലൂടെയാണ്. ഫുട്ബാൾ ഇഷ്ടപ്പെട്ട ചെറുപ്പത്തിൽ കുറുനിരയിൽ പ്രതിരോധം തീർത്ത കളിക്കാരനായിരുന്നു. ഇപ്പോൾ അത് ചിന്തകൾ പെരുത്ത മൈതാനങ്ങളിലേക്ക് ഉരുണ്ടുപോവുന്ന മനസ്സിൽ പായുകയാണ്."

**ഉമ്മയോളം മധുരമുള്ള ചെറുപ്പം**

» "ചെറുപ്പത്തിൻെറ ഓർമകൾക്ക് ഉമ്മയോളം മധുരമുണ്ട്. വായന തലക്ക് പിടിച്ച് നടക്കുന്ന കാലത്ത് ആരോ ഒരാൾ പാട്ടിൻെറ വഴിയിലേക്ക് നിയോഗിച്ച പോലെയാണ് തോന്നിയത്. എങ്ങനെ ഈ വഴിയിൽ എത്തിപ്പെട്ടു എന്ന് പറയാൻ കഴിയില്ല. മണ്ണെണ്ണ വിളക്ക് കെടുവോളം വായന തുടർന്നു. മൗനമായി ഇരുത്തം, ഒറ്റപ്പെടാനുള്ള ആഗ്രഹം. ഇതെല്ലാം എന്നിലുണ്ടെന്ന് കണ്ടെത്തിയത് ഉമ്മയായിരുന്നു. ഒരിക്കലും കുറ്റപ്പെടുത്തലില്ലാതെ ഞാനിങ്ങനെ പ്രത്യേക വിചാരമുള്ളവനായിരിക്കും എന്ന് അവർ ആശ്വസിച്ചിരിക്കും. മലപ്പുറത്തിൻെറ സ്നേഹത്തിലാണ് വളർന്നത്. എന്നും എനിക്ക് പിന്തുണയും പ്രോത്സാഹനവും ഈ മണ്ണ് തന്നു.

**പാട്ടും ചിന്തകളും**

» "മരണമെത്തുന്ന നേരത്ത് നീ എന്നരികിൽ ഉണ്ടായിരുന്നെങ്കിൽ'... വേർപാടിൻെറ അഗാധമായ ഉള്ളുരുക്കം നൽകിയ ഈ പാട്ട് പുതുതലമുറയെ സ്വാധീനിച്ചപ്പോൾ 'ദി സോൾ ഓഫ് അനാമിക ഇൻ ബ്ലാക്ക് ആൻഡ് വൈറ്റ്' എന്ന ആൽബം രാഷ്ട്രീയ പ്രമേയം കൊണ്ടാണ് ശ്രദ്ധിക്കപ്പെട്ടത്. ഇതിലെ ആദ്യഭാഗത്തെ സജ്നി... സജ്നീ ഇനി വേറെയായ് കഴിയുന്നതാണെൻ വേദന'... എന്ന ഗാനമാണ് പ്രണയത്തിൻെറ കാമുകീകാമുകന്മാർ നെഞ്ചേറ്റിയത്.

ഫാഷിസത്തിൻെറ ഭീതിപ്പെടുത്തുന്ന ഇരുട്ട് നിറച്ച കാലത്ത് എല്ലാ ശബ്ദങ്ങളും തോക്കുകൾക്കു മുന്നിൽ പിടഞ്ഞുവീഴുന്ന ഒരു പ്രമേയം കൊണ്ടുവന്ന ആൽബമായിരുന്നു ഇത്. അവസാന ഭാഗത്ത് സോജാ രാജകുമാരീയിലേക്ക് എത്തുമ്പോൾ ഫാഷിസം വെടിവെച്ച് വീഴ്ത്തിയ ശബ്ദത്തെക്കുറിച്ചാണ് പറയുന്നത്. ഇതിൻെറ രാഷ്ട്രീയം അന്ന് വേണ്ടത്ര കണ്ടിരുന്നില്ല. ഇന്ന് അത് പ്രസക്തമാവുകയാണ്. അതൊരു യാഥാർഥ്യംപോലെ തോന്നുകയാണ്"

-ഷഹബാസ് പറഞ്ഞു.

ഓരോ പാട്ടുകളും വ്യത്യസ്തമാണ്.
സമ്മിലൂനി...
മരണമെത്തുന്ന നേരത്ത്...
മകര കുളിർമഞ്ഞിലുലയുന്നൊരുതിർമുല്ല
മലരെ...

പ്രണയം നിറഞ്ഞ മനസ്സിൽനിന്ന് ഈണമായി ഒഴുകിയ ഗാനങ്ങൾ നിരവധിയാണ്. വരയും വായനയും ചിന്തയും നിറഞ്ഞ പാട്ടുകാരനാണ് ഷഹബാസ്. മനസ്സിൽനിന്ന് മനസ്സിലേക്ക് ഒഴുകിപ്പരക്കുന്ന ധ്യാനമാണ് ഷഹബാസിന് പാട്ടുകൾ. അതിൽ വേർപാടും വേദനയുമുണ്ട്. പ്രണയവും വിരഹവുമുണ്ട്. ഇതെല്ലാം ചേർന്നാണ് ഷഹബാസ് പാടുന്നത്. പുരസ്കാരത്തിൻെറ സന്തോഷം നിറഞ്ഞ കോഴിക്കോട് മലാപ്പറമ്പ് 'ശിവ'യിൽ അംഗീകാരത്തിനുള്ള നന്ദിവാക്ക് പറയാൻ പ്രേയസി അനാമികയും മകൻ അലൻ റൂമിയുമുണ്ട്.



ഷഹബാസ് അമൻ
● ചിത്രം: മുസ്തഫ അബൂബക്കർ

●

അഭിനയം

# അഭിനയത്തിലെ ഒറ്റവെളിച്ചങ്ങൾ



പൗളി വത്സൻ
● ചിത്രം: രതീഷ് കുമാർ

**മമ്മൂട്ടിയുടെ കൂടെ 1975ൽ 'സബർമതി' എന്ന നാടകം കളിച്ച ഓർമയുണ്ട് പൗളി വത്സന്. നീണ്ട 42 വർഷത്തെ അഭിനയ ജീവിതമുണ്ട് അവർക്ക്. മികച്ച സ്വഭാവനടിക്കുള്ള ഈ വർഷത്തെ സംസ്ഥാന അവാർഡ് നേടിയ അവർ ജീവിതം പറയുന്നു**

കെ.എം.എം. അസ്ലം

"സിനിമയിലും നാടകത്തിലും അഭിനയം തുടങ്ങിയിട്ട് 42 വർഷം പിന്നിട്ടു. എൻെറ കലാജീവിതത്തിന് അർഥമുണ്ടെന്ന് വീട്ടുകാരെയും നാട്ടുകാരെയും ബോധ്യപ്പെടുത്താൻ ഈ അവാർഡുകൊണ്ട് സാധിച്ചു"-കൊച്ചി വൈപ്പിൻകരയിലെ വളപ്പ് എന്ന സ്ഥലത്തെ നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട കൊച്ചുവീട്ടിലിരുന്ന് പൗളി വത്സൻ പറയുന്നു. മികച്ച സ്വഭാവനടിക്കുള്ള ഈ വർഷത്തെ സംസ്ഥാന അവാർഡ് ലഭിക്കുന്നതിനുമുമ്പ് പൗളി വത്സൻ എന്ന അഭിനേത്രി പ്രേക്ഷകർക്ക് അത്ര പരിചിതയല്ല.

നിരവധി നാടക ട്രൂപ്പുകളിൽ സജീവമായിരുന്നു ഇവർ. അരങ്ങിൽ അഭിനയിച്ച് മതിവരാതെയാണ് സിനിമാ ലോകത്ത് എത്തിയത്. ബെന്നി പി. നായരമ്പലം തിരക്കഥ എഴുതി അൻവർ റഷീദ് സംവിധാനം ചെയ്ത അണ്ണൻ തമ്പിയിലൂടെയാണ് സിനിമാ പ്രവേശനം. തുടർന്ന് 'ഇയ്യോബിൻെറ പുസ്തകം', 'അമർ അക്ബർ അന്തോണി', 'നോവ്', 'വന്യം', 'ഗപ്പി' എന്നീ സിനിമകളിൽ ചെറുവേഷങ്ങൾ ചെയ്തു. ലിജോ ജോസ് പല്ലിശ്ശേരി സംവിധാനം ചെയ്ത 'ഈ മ യൗ', രാഹുൽ റിജി നായർ സംവിധാനം ചെയ്ത 'ഒറ്റമുറി വെളിച്ചം' എന്നീ സിനിമയിലെ അഭിനയത്തിനാണ് ഈ വർഷത്തെ സംസ്ഥാന അവാർഡ് ലഭിച്ചത്.

## അരങ്ങെന്ന ആവേശം

ആറാം ക്ലാസിൽ പഠിക്കുന്ന കാലത്താണ് നാടകത്തിൽ എത്തുന്നത്. രണ്ട് അമച്വർ നാടകങ്ങളിൽ ബാലനടിയായി അഭിനയിച്ചു. അക്കാലത്ത് വൈപ്പിൻകരയിലെ വാടാപള്ളിയിൽ കോൺവെൻറിൽ പഠിക്കുകയാണ്. എന്നെ നാടകപരിശീലനത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അധ്യാപകൻ അപ്പച്ചന് എഴുത്ത് അയച്ചു. അപ്പച്ചൻ ചവിട്ടുനാടക നടനും ഗായകനുമായിരുന്നതിനാൽ അഭിനയത്തിന് സമ്മതം അറിയിച്ചു. മുടി ചുരുണ്ടുനിൽക്കുന്നതിനാൽ ആൺ വേഷങ്ങളാണ് കൂടുതലും ലഭിച്ചത്. കൂടാതെ, അമ്മയായി അഭിനയിക്കാൻ ആളില്ലാത്തതിനാൽ അത്തരം വേഷവും ലഭിക്കും. പിന്നീട് 11 വയസ്സായപ്പോൾ അപ്പച്ചൻ നാടകം കളിക്കാൻ സമ്മതിച്ചില്ല. യുവജനോത്സവങ്ങളിൽ നാടകം കളിച്ച് നാട്ടുകാർക്ക് സുപരിചിതയായിരുന്നു. എല്ലാവരും ചോദിക്കും നാടകത്തിന് പോകുന്നില്ലേ എന്ന്.

എനിക്ക് നാടകം കളിക്കാൻ താൽപര്യമുണ്ട്. എപ്പോഴും നാടകമെന്ന വിചാരമായതിനാൽ പഠനത്തിൽ ശ്രദ്ധകുറവുമാണ്. പത്രം കിട്ടിയാൽ അതിൽ എഴുതിയത് നാടകരൂപത്തിൽ പറഞ്ഞ് അഭിനയിക്കും. മാലിപ്പുറത്ത് നാടക ക്ലബുണ്ട്. അപ്പച്ചൻെറ അനിയൻെറ വീട് മാലിപ്പുറത്താണ്. അങ്ങോട്ടുപോകുകയാണെന്ന് പറഞ്ഞ് ക്ലബ്ബിൽ നാടകം റിഹേഴ്സൽ ചെയ്യാൻ പോകും. ഒരു തവണ ഡയലോഗ് പറഞ്ഞാൽ പെട്ടെന്ന് പഠിക്കും. അങ്ങനെ നാടകം കാണാൻ അപ്പച്ചനും അമ്മച്ചിയും സഹോദരങ്ങളും ബന്ധുക്കളും വന്നപ്പോഴാണ് അറിഞ്ഞത് ഞാൻ അതിൽ അഭിനയിക്കുന്നുണ്ടെന്ന്. വീട്ടിൽ തിരിച്ച് എത്തിയതോടെ അച്ഛന് അതോടെ ദേഷ്യമായി. 10ാം ക്ലാസിൽ പഠിക്കുമ്പോഴാണ് സംഭവം.

അതോടെ പഠനം നിർത്തി. പരീക്ഷ കഴിഞ്ഞ ആ വർഷം ക്രിസ്മസിന് നാടകം കളിക്കാൻ അവസരം കിട്ടി. അപ്പച്ചൻ ആദ്യം സമ്മതിച്ചില്ല. ഭക്ഷണം കഴിക്കാതെയും പിണങ്ങിയും സമരം ചെയ്താണ് സമ്മതം നേടിയത്. അപ്പച്ചന് നാടകത്തോട് വിരോധമുണ്ടായിട്ടല്ല. എന്നെ കൊണ്ടുനടക്കാൻ ആളില്ല. എൻെറ താഴെ ആറു പേരുണ്ട്.

പിന്നീട് പി.ജെ. ആൻറണിയുടെ രശ്മി തിയറ്ററിൽ ചേർന്നു. അഞ്ചു വർഷം നാടകം കളിച്ചു. തിലകൻ ചേട്ടൻ അന്ന് അവിടെയുണ്ടായിരുന്നു. അദ്ദേഹം 11 വർഷം അവിടെ നാടക ട്രൂപ്പിലുണ്ടായിരുന്നു. അതിനിടെ കല്യാണം കഴിഞ്ഞു. ഭർത്താവിൻെറ വീട്ടുകാരും നാട്ടുകാരും നാടകത്തിന് നല്ല പിന്തുണയാണ്. അടിയന്തരാവസ്ഥ കാലത്ത് 'കാളരാത്രി' എന്ന നാടകം കളിച്ചു. ആ സമയത്ത് ഗർഭിണിയാണ്. ഏഴുമാസം വരെ പിടിച്ചുനിന്നു. അതുകഴിഞ്ഞ് ക്ലബിൽനിന്ന് പോന്നു. ആൻറണി ചേട്ടന് എന്നെ വിടാൻ സങ്കടമായിരുന്നു.

## സിനിമയിലേക്ക്

തിരക്കഥാകൃത്ത് ബെന്നി പി. നായരമ്പലമാണ് സിനിമയിലേക്കുള്ള വാതിൽ തുറന്നത്. അദ്ദേഹത്തിൻെറ സിനിമയിൽ അഭിനയിക്കാൻ പറ്റുമോ എന്ന് ചോദിച്ചു. ആദ്യം മടി പറഞ്ഞു. നാടകത്തിൽ ഒരുപാട് വേഷങ്ങൾ ചെയ്തതിനാൽ പ്രേക്ഷകർക്ക് പരിചിതമാകാൻ സാധ്യതയുണ്ട്. ചെറിയവേഷം ചെയ്യാനില്ലെന്ന് പറഞ്ഞു. പൊള്ളാച്ചിയിലാണ് 'അണ്ണൻ തമ്പി' സിനിമയുടെ ലൊക്കേഷൻ. ഡയലോഗ് ഉണ്ടെന്നും ചേച്ചിക്ക് പറ്റിയ റോളാണെന്നും അദ്ദേഹം പറഞ്ഞു. ആംബുലൻസിൽ ഭർത്താവിൻെറ മൃതദേഹത്തിനടുത്തു വെച്ച് കരയുന്ന സീനാണ് അഭിനയിച്ചത്.

## സിനിമയും നാടകവും ഒരുമിച്ച്

സിനിമയും നാടകവും രണ്ടും രണ്ടാണല്ലോ. പി.ജെ. ആൻറണിയുടെ കൂടെ ജോലി ചെയ്തതുകൊണ്ടാകും വളരെ പെട്ടെന്ന് ഡയലോഗ് പറയാൻ കഴിയും. ബെന്നി പി. നായരമ്പലത്തിൻെറ ഏഴു നാടകങ്ങളിൽ അഭിനയിച്ചു. എല്ലാം നല്ല വേഷങ്ങളായിരുന്നു. അണ്ണൻ തമ്പിയിൽ അഭിനയിക്കുമ്പോൾ ബെന്നി പറഞ്ഞു. നമ്മുടെ സാധനമാണ്. വെച്ച് അലക്കിക്കോ എന്ന്. കാമറ, അണിയറപ്രവർത്തകർ നമുക്ക് ചുറ്റുമുണ്ടെന്ന് ഭയം മനസ്സിൽ വന്നില്ല. ഇതുവരെ 42 സിനിമകളിൽ അഭിനയിച്ചു. ഡബ്ബിങ് സ്വന്തമായാണ് ചെയ്യുന്നത്. നാടകം നിർത്താതെ മൂന്നു കൊല്ലം സിനിമയിൽ അഭിനയിച്ചെങ്കിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല.

## അവാർഡ് സമ്മാനിച്ച സിനിമകൾ

'ഈ മാ യോ', 'ഒറ്റമുറി വെളിച്ചം' എന്നീ സിനിമകൾക്കാണ് അവാർഡ് ലഭിച്ചത്. ഈ മാ യോ സിനിമയിൽ ഒരു വീട്ടിൽ അപ്പൻ മരിച്ചുകിടക്കുന്നു. ഭാര്യ കരയുന്ന സീനാണ്. വൈപ്പിൻ കരയിൽ കരച്ചിലിന് പ്രത്യേക രീതിയുണ്ട്. അയൽവാസികളും ബന്ധുക്കളും വന്നാൽ ആ വിവരം മരിച്ചയാളെ കരഞ്ഞ് അറിയിക്കും. അതാണ് ആ സിനിമയിലെ വേഷം. ചെമ്പൻ വിനോദിൻെറ അമ്മയായാണ് അഭിനയിക്കുന്നത്. സിനിമ റിലീസ് ആയിട്ടില്ല. വിഷുവിന് ആകും. പെണ്ണമ്മ എന്നാണ് കഥാപാത്രത്തിൻെറ പേര്. 'ഒറ്റമുറി വെളിച്ചം' എന്ന സിനിമയിൽ തിരുവനന്തപുരം ബോണക്കാടാണ് ഷൂട്ട് ചെയ്തത്. അവാർഡ് പടം എന്ന രീതിയിൽ ചെയ്തതാണ്. നല്ല വേഷമാണ്. രണ്ട് ആൺകുട്ടികളുടെ അമ്മയായാണ് അഭിനയിക്കുന്നത്

## അവാർഡ് പ്രതീക്ഷ

സിനിമ അവാർഡ് അല്ലേ, പ്രതീക്ഷിച്ചില്ല. അഭിനയം എങ്ങനെ വിലയിരുത്തുമെന്ന് അറിയില്ലല്ലോ? തിയറ്ററിൽ കണ്ട് ആരെങ്കിലും അഭിപ്രായം പറയാൻ സിനിമ റിലീസ് ആയിട്ടില്ല. സിനിമ ചെയ്തപ്പോൾ എല്ലാവരും പറഞ്ഞിരുന്നു ചേച്ചിക്ക് അവാർഡ് ഉറപ്പാണെന്ന്. അപ്പോൾ ചെറിയ പ്രതീക്ഷയുണ്ടായിരുന്നു. അവാർഡിനെക്കാൾ സിനിമ റിലീസ് ആയാൽ എനിക്ക് നല്ല വേഷം കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്. അവാർഡ് എന്ന് കേട്ടപ്പോൾ ശരിക്കും ഞെട്ടി. എന്നെക്കാൾ നന്നായി അഭിനയിക്കുന്ന ഒരുപാടു പേരുണ്ട്. അതിൽനിന്നൊക്കെ എന്നെ തെരഞ്ഞെടുത്തല്ലോ? അവാർഡ് വിവരം അറിയിച്ചത് ബെന്നി പി. നായരമ്പലാണ്. മമ്മൂട്ടി, സലിം കുമാർ, കെ.പി.എസ്.സി ലളിത എന്നിവരൊക്കെ വിളിച്ച് അഭിനന്ദനം അറിയിച്ചു.

എൻെറ നാട്ടുകാർ എന്നെ നന്നായി സ്നേഹിക്കുന്നു. അവർ നൽകിയ പിന്തുണ വലുതാണ്. വൈപ്പിൻ കരയിൽ ഒരുപാട് കലാകാരികളുണ്ട്. നിലനിന്നുപോയ അപൂർവം ചിലരിൽ ഒരാളാണെന്നതിൽ എനിക്ക് അഭിമാനമുണ്ട്. അവാർഡ് കിട്ടിയതറിഞ്ഞ് എൻെറ കൂടെ അഭിനയിച്ച ഒട്ടുമിക്ക നാടകക്കാരും എന്നെ വിളിച്ച് അഭിനന്ദിച്ചു. സിനിമ മോഹമുണ്ടായിരുന്നെങ്കിലും എവിടെയും അലഞ്ഞിട്ടില്ല. അന്വേഷിച്ചിട്ടില്ല. സിനിമ എനിക്ക് ഭ്രാന്താണ്. നടീ നടന്മാരെ കാണുക എന്നത് ഭയങ്കര ഇഷ്ടമാണ്. രാജൻ പി. ദേവിൻെറ നാടക ട്രൂപ്പിൽ അഭിനയിക്കുന്ന സമയത്ത് നടന്മാരെയും നടിമാരെയും ക്യാമ്പിൽ കൊണ്ടുവരണമെന്ന് അദ്ദേഹത്തോട് പറയും. അദ്ദേഹത്തിൻെറ കൂടെ അഞ്ചു വർഷം അഭിനയിച്ചു. ആ സമയത്ത് രണ്ട് നാടകത്തിന് പി.എ.എസ്.സി അവാർഡ് ലഭിച്ചു.

## മമ്മൂട്ടിയുടെ കൂടെ 'സബർമതി'യിൽ

മമ്മൂട്ടിയുടെ കൂടെ 1975ൽ ഒരുമിച്ച് 'സബർമതി' എന്ന നാടകം കളിച്ചിരുന്നു. 'അണ്ണൻ തമ്പി'യുടെ ഷൂട്ടിങ് സൈറ്റിൽ മമ്മൂട്ടി കൂടെയുണ്ടായിരുന്നു. ഞാൻ മമ്മൂട്ടിയുമായി സംസാരിച്ചില്ല. നമുക്ക് ഒരുപാട് വ്യത്യാസങ്ങൾ വന്നല്ലോ? ജീവിതം മൊത്തം അലച്ചിലായിരുന്നല്ലോ? അണ്ണൻ തമ്പിയിലെ ചെറിയ സീൻ കണ്ടിട്ട് മമ്മൂട്ടി പറഞ്ഞു. അത് ഒരു പ്രഫഷനൽ ആണല്ലോ എന്ന്. അത് വൈപ്പിൻ കരയിലെ ആർട്ടിസ്റ്റ് പൗളിയാണെന്ന് കൂടെയുണ്ടായിരുന്ന നടൻ സിദ്ദീഖ് പറഞ്ഞു. അപ്പോൾ മമ്മൂക്ക പറഞ്ഞു. ഇത് എൻെറ കൂടെ നാടകത്തിൽ അഭിനയിച്ച ആളാണല്ലോ? അത് കേട്ടപ്പോൾ ഭയങ്കര സന്തോഷം തോന്നി. മമ്മൂട്ടിക്ക് നല്ല ഓർമയാണ്. കൂടെ അഭിനയിച്ച എല്ലാ ആർട്ടിസ്റ്റുകളുടെ പേരും നാടും ഓർത്തുവെക്കും. താനെന്താ എന്നോടു മിണ്ടാത്തതെന്ന് ചോദിച്ചു. പരിചയമില്ലെന്ന് പറഞ്ഞാൽ ഞാൻ ചമ്മില്ലേ എന്ന് വിചാരിച്ചു. എനിക്ക് ഒരുപാട് മാറ്റം വന്നു. മമ്മൂക്ക ഇപ്പോഴും ചെറുപ്പക്കാരനാണല്ലോ? മമ്മൂട്ടിയുടെ ആത്മകഥയിൽ എൻെറ പേര് പരാമർശിക്കുന്നുണ്ട്. മമ്മൂട്ടിക്ക് നാടകം ഭ്രാന്തായിരുന്നു. ഓച്ചൻ തുരുത്ത് വൈ.എഫ്.എ ക്ലബിൽ അദ്ദേഹം അംഗമായിരുന്നു. 'സബർമതി' എന്ന നാടകം കളിച്ച നടിമാരുടെ കൂട്ടത്തിൽ എൻെറ പേരും ചേർത്തിട്ടുണ്ട്. കാണുമ്പോൾ എപ്പോഴും ചോദിക്കും നമുക്ക് ഇനിയും നാടകം കളിക്കണ്ടേ എന്ന്.

മമ്മൂട്ടിയാണ് 'മംഗ്ലീഷ്' എന്ന സിനിമയിൽ ചെറുവേഷം ചെയ്യാൻ എന്നെ നിർദേശിച്ചത്. കൊച്ചി ഭാഷയിൽ പറയാൻ പൗളിയെ വിളിക്കെന്ന് മമ്മൂട്ടി സംവിധായകനോട് പറഞ്ഞു. കൊച്ചി, വൈപ്പിൻ മേഖലയിലെ ഭാഷാശൈലിയാണ് പടങ്ങൾ കിട്ടാൻ പ്രധാന കാരണം. ഞാൻ വളരെ ലളിതമായി നടക്കുന്നയാളാണ്. അവാർഡ് ലഭിച്ച ഉടനെ ദൃശ്യമാധ്യമങ്ങൾ അഭിമുഖത്തിന് വന്നിരുന്നു. അപ്പോൾ പഴകിയ സാരി ഉടുത്താണ് പോയത്. അതു കണ്ടിട്ടാണ് മമ്മൂട്ടി അഭിനന്ദിക്കാൻ വിളിച്ചപ്പോൾ സ്റ്റൈലായി നടക്കണമെന്ന് പറഞ്ഞത്.

മോഹൻലാലിൻെറ കൂടെ അഭിനയിക്കണമെന്ന വലിയ ആഗ്രഹം ഇപ്പോഴും ബാക്കിയാണ്. അദ്ദേഹത്തിൻെറ സെറ്റിൽ പോയിട്ടില്ല. തിരുവനന്തപുരം വിസ്മയ സ്റ്റുഡിയോയിൽ ഒരിക്കൽ ഡബ്ബിങ്ങിന് പോയിരുന്നു. മോഹൻലാലിനെക്കുറിച്ച് സംസാരിക്കുന്ന സമയത്താണ് അദ്ദേഹം സ്റ്റെപ്പു കയറി വരുന്നത്. അന്നാണ് ആദ്യമായി കണ്ടത്. കാൻറീനിൽ വന്ന് ഡബ്ബിങ് സംബന്ധിച്ച കാര്യങ്ങൾ ചോദിച്ചു. ശ്രദ്ധിക്കുന്ന വേഷം ചെയ്തത് 'അഞ്ച് സുന്ദരികൾ' എന്ന സിനിമയിലാണ്. അതിൽ ദുൽഖർ സൽമാൻ അഭിനയിച്ച കുള്ളൻെറ ഭാര്യ എന്ന സിനിമയിൽ. വേലക്കാരിയായി, ഫ്ലാറ്റിലെ കുറ്റങ്ങൾ അപ്പുറത്ത് പറയുന്ന വേലക്കാരി. വാതുറന്നാൽ കള്ളം പറയുന്ന മോളി ചേച്ചി. ദുൽഖർ സൽമാൻ എന്നെ കണ്ടാൽ മോളി ചേച്ചി എന്നാണ് വിളിക്കുന്നത്.

## പുതിയ സിനിമ

സണ്ണി വെയ്ൻ, ചെമ്പൻ വിനോദ് എന്നിവർ അഭിനയിക്കുന്നു ഒരു ഫ്രഞ്ച് വിപ്ലവം, ഭഗത് മാനുവൽ നായകനായ ഇസ്ഹാകിൻെറ ഇതിഹാസം, ആസിഫലി നായകനാകുന്ന ചിത്രം എന്നിവയിലാണ് അഭിനയിക്കുന്നത്.

## വീടും കുടുംബവും

രണ്ട് ആൺമക്കളും ഭർത്താവും ഉൾപ്പെടുന്നതാണ് കുടുംബം. മകൻ ഒരാൾ കൊച്ചിയിൽ പ്രസിലും മറ്റൊരാൾ സംഗീത അധ്യാപകനുമാണ്. ഷൂട്ടിങ്ങുള്ള സമയം രാവിലെ നാലു മണിക്ക് എണീറ്റ് ജോലിയെല്ലാം ചെയ്ത് വീട്ടിൽനിന്ന് ഇറങ്ങും. വീട് വലുതാക്കണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. അതിനൊക്കെ ഒരു സമയമുണ്ട്. വലിയ മോഹങ്ങളൊന്നുമില്ല. ആരെയും ബുദ്ധിമുട്ടിക്കാതെ സന്തോഷത്തോടെ കഴിയണം.

●

